


2023 ആഗസ്റ്റ് 05

സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന YMEF ദ്വൈവാരിക

# സുവിശേഷധ്വനി

# Suviseshadhwani

SUVISESHADHWANI FORTNIGHTLY • REG. NO. RN. 29475/1978, REG. NO. KL/TV (S)/396/2022-24 • VOL. 41. • ISSUE 49 • പുസ്തകം 41 • ലക്കം 49 • പേജ് 6

## ആഴത്തിലേക്ക്

എം.ജെ. പത്രോസ്, ക്രാരിയേലി

യേശു ഗലീലക്കടലിന്റെ കരയിൽ നിൽക്കുമ്പോൾ പുരുഷാരം തിക്കിത്തിരക്കിക്കൊണ്ടിരുന്നു. മീൻപിടുത്തക്കാർ വല കഴുകുകയായിരുന്നു. അപ്പോൾ കരയ്ക്കടുത്ത് രണ്ടു പടകുകൾ കിടന്നിരുന്നു. അതിൽ ശിമോന്റെ പടകിൽ യേശു കയറി. കരയിൽ നിന്ന് അല്പം നീക്കേണം എന്നുപറഞ്ഞു. ശിമോൻ പടക് അല്പം കരയിൽ നിന്ന് നീക്കി. യേശു പടകിൽ ഇരുന്ന് ജനത്തെ ഉപദേശിച്ചു. ഉപദേശിച്ചുകഴിഞ്ഞപ്പോൾ ശിമോനോട് "ആഴത്തിലേക്ക് നീക്കി മീൻപിടുത്തത്തിന് വല ഇറക്കുവിൻ" (ലൂക്കോ. 5:4) എന്നു പറഞ്ഞു. "നാഥാ രാത്രി മുഴുവൻ ഞങ്ങൾ അദ്ധ്വാനിച്ചു. ഒന്നും കിട്ടിയില്ല. എങ്കിലും നിന്റെ വാക്കിന് വല ഇറക്കാം എന്നു പറഞ്ഞു". ശിമോൻ ആഴത്തിലേക്ക് നീങ്ങി വല വീശി വലിയ അത്ഭുതം. വല നിറയെ, ഒറ്റ വീശലിന് മീൻ കിട്ടി. വല കരയ്ക്കുവലിച്ചുകയറ്റുവാൻ പ്രയാസപ്പെട്ടു. അടുത്തുള്ള കൂട്ടുകാരുടെ സഹായം കൂടെ വേണ്ടിവന്നു. രണ്ട് പടക് നിറയെ മീൻ കിട്ടി. ഇന്നുവരെ കണ്ടിട്ടില്ലാത്ത അത്ഭുതം കണ്ടു എല്ലാവരും ശിരസ്സ് കുനിച്ച് നിന്നു. കർത്താവിന്റെ വാക്കിന്റെ ശക്തിയും, അധികാരവും കണ്ട് അത്ഭുതപ്പെടുകയല്ലാതെ എന്തു ചെയ്യും. പ്രിയരേ! ഇതിൽനിന്ന് ചില കാര്യങ്ങൾ നമുക്ക് ചിന്തിക്കാം.

**1. ആഴത്തിലേക്ക് പോകുക (ലൂക്കോ. 5:4–6)**

കർത്താവിന്റെ വാക്ക് (കല്പന) അനുസരിക്കുക. എന്തു പറഞ്ഞാലും അത് അനുസരിക്കണം. കർത്താവിന്റെ കല്പനയെ ചോദ്യം ചെയ്യരുത്. മറുതലിക്കരുത്. "അവൻ നിങ്ങളോട് എന്തെങ്കിലും കല്പിച്ചാൽ അതു ചെയ്‌വിൻ" (യോഹ. 2:5). അനുസരിക്കുവാനുള്ള പൂർണ്ണമായ മനസ്സാണ് ആവശ്യം. ശിമോൻ ഒന്നും ചോദ്യം ചെയ്യാതെ, സംശയിക്കാതെ ഉടനെ അനുസരിച്ചു. വലിയ അനുഗ്രഹം പ്രാപിച്ചു. നമ്മുടെ കർത്താവ് എത്രയോ വലിയവനാണെന്ന് നമ്മെത്തന്നെ സമർപ്പിച്ച് മനസ്സിലാക്കുവിൻ. അതനുസരിച്ച് അനുഗ്രഹങ്ങൾ അനുഭവിക്കുവിൻ. ശിമോൻ യേശു പറഞ്ഞ വാക്ക് (കല്പന) ചോദ്യം ചെയ്യാതെ അനുസരിച്ചു. കർത്താവു പറഞ്ഞതുപോലെ ചെയ്യാതെ അനുഗ്രഹം കിട്ടുകയില്ല. വിശ്വാസവും, അനുസരണവും വേണം. വിശ്വാസമുണ്ട് എന്നുള്ളതിന്റെ തെളിവാണ് അനുസരണം. നമ്മുടെ കർത്താവിന്റെ വാക്കുകളെ നമുക്ക് പൂർണ്ണമായി അനുസരിക്കാം. ചോദ്യം ചെയ്യാതെ അനുസരിക്കാം. കഴിഞ്ഞ രാത്രി മുഴുവനും, അദ്ധ്വാനിച്ചിട്ടും ഒന്നും കിട്ടാതെ നിരാശരായിത്തീർന്ന ശീമോൻ യേശുവിന്റെ വാക്ക് അനുസരിച്ചപ്പോൾ ഉണ്ടായ അനുഗ്രഹം വിവരിപ്പാൻ സാദ്ധ്യമല്ല. "ആഴത്തിലേക്ക് നീക്കി മീൻപിടുത്തത്തിന് വല ഇറക്കുവിൻ" എന്ന വാക്ക് വിശ്വസിപ്പിൻ. അനുസരിപ്പിൻ, വലിയ അനുഗ്രഹം കണ്ട് കർത്താവിനെ സ്തുതിപ്പിൻ.

> **വിശ്വാസമുണ്ട് എന്നുള്ളതിന്റെ തെളിവാണ് അനുസരണം. നമ്മുടെ കർത്താവിന്റെ വാക്കുകളെ നമുക്ക് പൂർണ്ണമായി അനുസരിക്കാം. ചോദ്യം ചെയ്യാതെ അനുസരിക്കാം.**

**2. രക്തസ്രാവക്കാരിയുടെ വിശ്വാസം (മർക്കോ. 5:25–30)**

പന്ത്രണ്ടു സംവത്സരമായി രക്തസ്രാവം എന്ന രോഗം ബാധിച്ചതുമുതൽ എല്ലാം വൈദ്യന്മാർക്കു കൊടുത്തിട്ടും ഒട്ടും ഭേദം വരാത്ത സ്ത്രീ യേശുവിനെക്കുറിച്ചുള്ള വർത്തമാനം അവളുടെ ചെവിയിൽ എത്തി. കർത്താവ് ഏതു രോഗവും സൗഖ്യമാക്കും എന്നുള്ള വാർത്തയാണ് അവൾ കേട്ടത്. അവൾ അത് പൂർണ്ണമായി വിശ്വസിച്ചു. യേശുവിന്റെ വസ്ത്രത്തിന്റെ തൊങ്ങലിൽ ഒന്നു തൊട്ടാൽ മതി അവൾക്ക് സൗഖ്യം കിട്ടുമെന്ന് അവൾ പൂർണ്ണമായി വിശ്വസിച്ചു. ആരോടും അഭിപ്രായം ചോദിക്കുവാനോ, കൂട്ടുപിടിക്കുവാനോ ഒന്നും ശ്രമിച്ചില്ല. അവൾക്ക് യേശുവിൽ പൂർണ്ണമായ വിശ്വാസം ഉണ്ടായിരുന്നു. ഒരു ദിവസം യേശു ആ വഴിയായി വരുന്നുണ്ട് എന്നറിഞ്ഞപ്പോൾ കിട്ടിയ സമയം 'തക്കത്തിൽ ഉപയോഗിപ്പാൻ' ശ്രമിച്ചു. യേശുവിനെക്കുറിച്ച് കേട്ടപ്പോൾ അവൾ പൂർണ്ണമായി യേശുവിൽ വിശ്വസിച്ചു. "വസ്ത്രം തൊട്ടാൽ സൗഖ്യം കിട്ടും" എന്നുള്ള ആഴമേറിയ വിശ്വാസം അവളെ പിൻതിരിച്ചില്ല. പുരുഷാരത്തിന്റെ ഇടയിൽ കൂടി തിക്കിത്തിരക്കി യേശുവിന്റെ അടുത്തെത്തി. പെട്ടെന്ന് ആ വസ്ത്രം ഒന്നു തൊട്ടു. വലിയ ശക്തി അവളിൽ വ്യാപിച്ചു. ഉടനെ സ്ത്രീക്ക് സൗഖ്യം കിട്ടി. ആഴമേറിയ വിശ്വാസത്തിന്റെ ആഴമേറിയ അത്ഭുതം. യേശുവിനെ തൊട്ടതും, സൗഖ്യം കിട്ടിയതും സകല ജനവും കേൾക്കെ അവൾ പറഞ്ഞു. കർത്താവിനെ സാക്ഷിച്ചു കർത്താവിന്റെ നാമം മഹിമപ്പെട്ടു.

പ്രിയരേ, നമ്മുടെ ജീവിതത്തിലുണ്ടാകുന്ന വിവിധങ്ങളായ ഭാരങ്ങളെ (പ്രശ്നങ്ങളെ) നമ്മുടെ കർത്താവിന്റെ സന്നിധിയിൽ കൊണ്ടുചെല്ലുവിൻ പലതും ചെയ്ത് നിരാശരായിത്തീർന്നിട്ടുള്ള ആരെങ്കിലും ഇതു ശ്രദ്ധിക്കുവിൻ "സകലത്തിനും മതിയായ കർത്താവിന്റെ അടുക്കൽ ചെല്ലുവിൻ, വിശ്വാസത്തിന്റെ കരംനീട്ടി അവനെ തൊടുവിൻ. സ്പർശിക്കുവിൻ ഉടനെ സൗഖ്യം കിട്ടും. വിശ്വാസത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങി അനുഗ്രഹം പ്രാപിക്കുവിൻ. നമ്മുടെ കുറവുകൾ ഏറ്റുപറയാം. വലിയ ആത്മീയ അനുഗ്രഹങ്ങൾ നമ്മിൽ ഉണ്ടാകട്ടെ. കർത്താവ് സഹായിക്കട്ടെ.

▶▶ ശേഷം 6-ാം പേജിൽ

---

വൈ.എം.ഇ.എഫ്.

## ജനറൽ ക്യാമ്പ്

2023 ആഗസ്റ്റ് 28 തിങ്കൾ 31 വ്യാഴം
വൈകു. 6 മുതൽ ഉച്ചക്ക് 1.30 വരെ

പെനിയേൽ ബൈബിൾ സെമിനാരി
പെരുമ്പാവൂർ, കീഴില്ലം

ക്യാമ്പ് തീം
"ക്രിസ്തു യേശുവിലുള്ള കൃപയാൽ ശക്തിപ്പെടുക"
(2 തിമഥ. 2:4)

പ്രധാന ലീഡേഴ്സ്

**ബ്ര. തോംസൺ ബി. തോമസ്**, മുംബൈ, **ബ്ര. പി.ജി. ജയിംസ്**, പത്തനംതിട്ട, **ബ്ര. കോശി മാത്യു**, മുംബൈ, **ബ്ര. ജെബി കെ. സൈമൺ**, ബിഹാർ

കർത്താവിൽ പ്രിയരെ,

കർത്തൃനാമത്തിൽ സ്നേഹവന്ദനം.

രണ്ട് വർഷത്തിലൊരിക്കൽ കേരളത്തിലെ 4 വൈ.എം.ഇ.എഫ്. ഡിവിഷനുകളും ഒരുമിച്ച് ജനറൽ വൈ.എം.ഇ.എഫ്.ന്റെ ചുമതലയിൽ നടത്തിവരുന്ന ജനറൽ ക്യാമ്പ് കഴിഞ്ഞ വർഷം കോവിഡ് മഹാമാരി മൂലം നടത്തുവാൻ സാധിച്ചില്ല. ദൈവഹിതമായാൽ ഈ വർഷം ഓണം അവധിക്കാലത്ത് പെരുമ്പാവൂർ-കീഴില്ലം പെനിയേൽ ബൈബിൾ സെമിനാരിയിൽ വച്ച് നടത്തുവാൻ കർത്താവിൽ ആശ്രയിച്ച് തീരുമാനിച്ചിരിക്കുകയാണ്. 2023 ആഗസ്റ്റ് 28 തിങ്കൾ മുതൽ 31 വ്യാഴം വരെയാണ് ക്യാമ്പ് നടക്കുന്നത്.

സഭയിലെ എല്ലാ സഹോദരന്മാരെയും ക്യാമ്പിലേക്ക് ക്ഷണിച്ചുകൊള്ളുന്നു. സഹോദരിമാർക്കും ദിവസേന ക്യാമ്പിൽ കടന്നു വന്ന് ബൈബിൾ ക്ലാസുകളിൽ സംബന്ധിക്കാവുന്നതാണ്. ക്യാമ്പിന്റെ അനുഗ്രഹകരമായ നടത്തിപ്പിനായി എല്ലാ സഹോദരീ സഹോദരന്മാരുടെയും പ്രാർത്ഥന അഭ്യർത്ഥിച്ചുകൊള്ളുന്നു.

700 പേരോളം പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്ന ഈ ജനറൽ ക്യാമ്പിന് ഏകദേശം എട്ടര ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ദൈവമക്കളുടെ ഔദാര്യദാനങ്ങളാലാണ് ക്യാമ്പിന്റെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നത്. നിങ്ങളുടെ വിലയേറിയ സംഭാവനകൾ താഴെ കാണുന്ന അക്കൗണ്ടിൽ നിക്ഷേപിക്കുകയോ ജനറൽ ട്രഷററുടെ വിലാസത്തിൽ അയച്ച് തരികയോ ക്യാമ്പിൽ എത്തിക്കുകയോ ചെയ്യുവാൻ അപേക്ഷിക്കുന്നു.

താഴെ കാണുന്ന ക്യു.ആർ. കോഡ് ഉപയോഗിച്ചും പണം അയയ്ക്കാവുന്നതാണ്. അയയ്ക്കുന്ന വിവരം ജനറൽ ട്രഷററെ ഫോണിൽ അറിയിക്കുവാൻ അപേക്ഷിക്കുന്നു.

ജനറൽ ക്യാമ്പിനുവേണ്ടി

കെ.വി. ജോസ് — ജനറൽ പ്രസിഡന്റ്
ജേക്കബ് പി. മാത്യു — ജനറൽ സെക്രട്ടറി
വി.കെ. ജോയി കുമാർ — സെക്രട്ടറി, എസ്.ഡി
റുമ്മീസ് എം. മാത്യു — സെക്രട്ടറി, എൻ. ഡി
ബിജു മാത്യു — സെക്രട്ടറി, എച്ച്.ഡി
എ. ഡി. ജെയിംസ് — ക്യാമ്പ് കൺവീനർ
ജോൺ മാത്യു — സെക്രട്ടറി, എം. ഡി

കൂടുതൽ വിവരങ്ങൾക്ക്
Jacob P. Mathew (General Secretary), Ebenezer House, Kadalavila, Thrikkannamanyal, Kottarakkara P.O. - 691506 Ph: 9847000691 E-mail : jacpmathew@gmail.com

### ഉദ്ഘാടന സമ്മേളനം

28-08-2023 ന് 6.30 pm മുതൽ 8.00 pm വരെ
അദ്ധ്യക്ഷൻ : **ബ്ര. മോനച്ചൻ ഏബ്രഹാം**
ജന. വൈസ് പ്രസിഡന്റ്
ഉദ്ഘാടന സന്ദേശം : **ബ്ര. ഇ.ജെ. പൈലി** (അങ്കമാലി)

### ദിവസേനയുള്ള പ്രധാന പ്രോഗ്രാമുകൾ

**വചനധ്യാനം :** പത്രോസിന്റെ രണ്ടാം ലേഖനം

**ബൈബിൾ ക്ലാസ്**
വിഷയം : ക്രിസ്തുയേശുവിലുള്ള കൃപയാൽ ശക്തിപ്പെടുക

**ബൈബിൾ ക്വിസ്**
29-08-2023 ന് പഴയനിയമം **ബ്ര. വി.എം. തോമസ്** (ഇടുക്കി)
30-08-2023 ന് പുതിയനിയമം **ബ്ര. ജെയിംസ് ജോസഫ്** (കണ്ണൂർ)

**പൊതുയോഗം**
**മിഷനറി സമ്മേളനം :** **ബ്ര. ജെബി കെ. സൈമൺ** (ബിഹാർ)
**സ്പെഷ്യൽ മീറ്റിംഗ് :** വൈ.എം.ഇ.എഫ്. നാൾ വഴികളിലൂടെ
**ബ്ര. പ്രമോദ് തോമസ്** (കോട്ടയം)
(വൈ.എം.ഇ.എഫ്. ന്റെ 82 വർഷങ്ങളിലേക്ക് തിരിഞ്ഞുനോട്ടം)

**ഗാനപരിചയം, ചോദ്യോത്തരവേള, സാക്ഷ്യയോഗങ്ങൾ, ടാലന്റ് ടൈം മുതലായവയും** ഉണ്ടായിരിക്കുന്നതാണ്.

**ജനറൽ കമ്മിറ്റി :** 30 -ാം തീയതി ബുധനാഴ്ച രാത്രി 10 മണിക്ക്

**സമാപന സമ്മേളനം :**
31 -ാം തീയതി വ്യാഴാഴ്ച ഉച്ചക്ക് 12 മണി മുതൽ 1.30 വരെ

**സമാപന സന്ദേശം :** **ബ്ര. കോശി മാത്യു**

ക്യാമ്പിൽ സുവിശേഷ ധ്വനിയുടെ ഓഫീസ് പ്രവർത്തിക്കുന്നതായിരിക്കും.

**സുവിശേഷധ്വനിയുടെ ബൈബിൾ ക്വിസ്സിന്റെ സമ്മാനങ്ങൾ സമാപന സമ്മേളനത്തിൽ വച്ച് നൽകുന്നു.**

**ക്യാമ്പിൽ ബുക്ക് സ്റ്റാൾ ഉണ്ടായിരിക്കുന്നതാണ്.**

### ക്യാമ്പ് നിബന്ധനകൾ

- ക്യാമ്പ് അംഗങ്ങൾ ആദിയോടന്തം ക്യാമ്പിൽ പങ്കെടുക്കണം.
- ഭക്ഷണവും താമസവും ക്യാമ്പിൽ ക്രമീകരിക്കുന്നതാണ്. പുതപ്പുകൾ അവരവർ കൊണ്ടുവരേണ്ടതാണ്.
- ക്യാമ്പ് രജിസ്ട്രേഷൻ 2023 ആഗസ്റ്റ് 28 ന് 4 മണിക്ക് തന്നെ ആരംഭിക്കുന്നതാണ്. കൃത്യസമയത്തുതന്നെ എത്തിച്ചേരുവാൻ ശ്രമിക്കുക.
- ക്യാമ്പിൽ സഹോദരിമാർക്കും ദിവസേന വന്ന് സംബന്ധിക്കാവുന്നതാണ്.
- ക്യാമ്പിൽ ദിവസേന വന്ന് സംബന്ധിക്കുവാൻ ആഗ്രഹിക്കുന്ന സഹോദരീ സഹോദരന്മാർ രാവിലെ 8.30 ന് ആദ്യത്തെ ബൈബിൾ ക്ലാസ് തുടങ്ങുന്നതിന് മുമ്പായി എത്തിച്ചേരുക.

### ക്യാമ്പിലേക്കുള്ള വഴി

ട്രെയിനിൽ വരുന്നവർ ആലുവ സ്റ്റേഷനിൽ ഇറങ്ങി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റിൽ നിന്നും പെരുമ്പാവൂർ വഴി മൂവാറ്റുപുഴക്ക് പോകുന്ന ബസിൽ കയറി കീഴില്ലം കനാൽ ജംഗ്ഷനിൽ ഇറങ്ങുക.

ബസിൽ വരുന്നവർ ഫാസ്റ്റ് ബസിൽ ആണെങ്കിൽ കീഴില്ലം ജംഗ്ഷനിൽ ഇറങ്ങി ക്യാമ്പ് സെന്ററിൽ എത്താം. ചില ബസുകൾ ക്യാമ്പ് സെന്ററിനു കുറച്ച് അകലെയുള്ള 'പരുത്തുവയൽ' ഹോസ്പിറ്റൽ ജംഗ്ഷനിൽ നിർത്തും.

### ക്യാമ്പ് ഫീസ്

ഭക്ഷണം, താമസം എന്നിവയ്ക്കു തന്നെ ഒരാൾക്ക് 1200 രൂപയിൽ അധികം ചെലവ് വരും. എങ്കിലും നിശ്ചിത ക്യാമ്പ് ഫീസ് ഏർപ്പെടുത്തിയിട്ടില്ല. ക്യാമ്പിന്റെ ആവശ്യങ്ങൾക്കായി പരമാവധി തുക സംഭാവനയായി തന്ന് സഹായിക്കുക.

### ACCOUNT DETAILS

Bank : UNION BANK OF INDIA
HEMAMBIKA NAGAR PALAKKAD
Name : **JOHN MATHEWS P**
A/C No : 478902010204303
IFSC : UBIN0547891

Address of Treasurer
**Mr. John Mathew,** Ponmalai House, Near Orthodox Church, Akathethara P.O., Palakkad - 678008 Ph: 9605962095

എഡിറ്റോറിയൽ പേജ് 2 | ഫിലേമോൻ ലേഖന പഠനം പേജ് 3 | യുവലോകം പേജ് 4 | മഹത്വത്തിൽ പേജ് 5 | ചിന്ത പേജ് 6

SUVISESHADHWANI
സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന വൈ.എം.ഇ.എഫ്. ദ്വൈവാരിക
2023 ആഗസ്റ്റ് 05/ പുസ്തകം 41 ലക്കം 49

എഡിറ്റോറിയൽ

# സഭയും സർക്കാരും

സാർവ്വത്രിക സഭ ദൈവിക പദ്ധതിയുടെ പൂർണ്ണതയിൽ വെളിപ്പെട്ടുവരുമ്പോൾ സുപ്രധാനമെങ്കിലും ഈ സഭാകാലയളവിൽ പ്രാദേശിക സഭകൾ തന്നെയാണു പ്രസക്തമായിരിക്കുന്നത്. വെളിപാടു പുസ്തകത്തിൽ കാണുന്ന ഏഴു പ്രാദേശിക സഭകളും അവയ്ക്കുള്ള ദൈവിക ദൂതുകളും അതാണല്ലോ വെളിപ്പെടുത്തുന്നത്. അതിനാൽ പ്രാദേശിക സഭയെ അപ്രധാനമെന്നുകണ്ട് നിരാകരിക്കുന്നവർ ദൈവത്തെയും ദൈവിക വ്യവസ്ഥയെയും ഉപേക്ഷയായി വിചാരിക്കുന്നവരാണ്.

ഒരു പ്രാദേശിക സഭ ഒരു പ്രദേശത്ത് അവിടുത്തെ ഭരണസംവിധാനത്തോടു ബന്ധപ്പെട്ട് നിയമാനുസരണം പ്രവർത്തിക്കേണ്ട ഒരു ആത്മീയ സംഘമാണ്. എന്നാൽ അതിനു കഴിയാതെ വരുമ്പോൾ ഇവ തമ്മിൽ ചില സംഘർഷങ്ങൾ ഉടലെടുത്തു എന്നു വരാം. സഭകളുടെ ആവശ്യങ്ങൾ ഭരണകർത്താക്കളുടെ മുമ്പിൽ അതതുസമയത്ത് എത്തിക്കേണ്ടതിന്റെ ആവശ്യകതയുണ്ട് എന്നതു വ്യക്തം. സ്വകേന്ദ്രീകൃതമായ ഒരു ഭരണസംവിധാനമാണ് നമ്മുടെ സഭകളുടെ പ്രകൃതമെങ്കിലും സഭകളുടെ ആവശ്യങ്ങൾ കൃത്യമായി ഭരണതലത്തിലെത്തിക്കുവാൻ കഴിയുന്നില്ലെങ്കിൽ അത് ഒരു പോരായ്മ തന്നെയല്ലേ?

**നമ്മുടെ ഭൂരിഭാഗം സ്ഥലംസഭകളും ചെറുതും പരിമിതമായ വിശ്വാസികൾ മാത്രം ഉള്ളവയുമാണല്ലോ. നമ്മുടെ സഭകൾക്ക് കേന്ദ്രീകൃതമായ ഒരു ഭരണസംവിധാനം വേണമെന്നല്ല ഇവിടെ പറഞ്ഞുവരുന്നത്. എന്നാൽ സഭകൾ നേരിടുന്ന പ്രശ്നങ്ങളെ അധികാരികളുടെ മുമ്പാകെ എത്തിക്കുന്നതിനുള്ള ഏകീകൃതവും ക്രമീകൃതവുമായ ഒരു സംവിധാനത്തിന്റെ അപര്യാപ്തത നമ്മുടെ സഭകളെയും വിശ്വാസികളെയും തളർത്തിക്കളയുന്നുവോ എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു.**

പല പ്രാദേശികസഭകളും ഇന്നു പലതരത്തിലുള്ള പ്രതിസന്ധികൾ നേരിടുണ്ട്. അവ ഭരണകർത്താക്കളുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതുമുണ്ട്. ഒരു ദൃഷ്ടാന്തം മാത്രം പറയാം: മൃതദേഹങ്ങൾ സംസ്കരിക്കുവാൻ ശ്മശാനമില്ലാത്ത സഭകൾ നിരവധിയാണ്. ഉള്ളയിടത്തുതന്നെ ചിലരുടെ സ്വാധീനത്തിനു വഴങ്ങി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളാൽ സംസ്കാരം തടയപ്പെട്ടുമിരിക്കുന്നു. അങ്ങനെയുള്ള സഭകൾ പലപ്പോഴും വിദൂരസഭകളെ ആശ്രയിച്ചു ശവസംസ്കാരം നടത്തുകയാണു പതിവ്. ഈയിടെ മരണപ്പെട്ട ഒരു സഹോദരിയുടെ മൃതദേഹം സഭാ സെമിത്തേരിയിൽ സംസ്കരിക്കുവാൻ നിർവ്വാഹമില്ലാതെ വന്നതിനാൽ സഭയുടെ ശുശ്രൂഷയ്ക്കുശേഷം ദഹിപ്പിക്കേണ്ടി വന്നു. അല്പം ദൂരെ പരിചയത്തിലുള്ള ഒരു സഭാസെമിത്തേരിയിൽ സംസ്കാരത്തിനുള്ള ക്രമീകരണങ്ങൾ ചെയ്തു തുടങ്ങിയപ്പോൾ ദൂരെ നിന്നുള്ള മൃതദേഹം എന്ന കാരണത്താൽ നാട്ടുകാർ തടഞ്ഞു. അടുത്തുള്ള മറ്റൊരു സഭാസെമിത്തേരിയിൽ സംസ്കരിക്കുവാൻ ഒരുങ്ങിയപ്പോൾ അതും വിവിധ കാരണങ്ങളാൽ തടസ്സപ്പെട്ടു. വെള്ളത്തിന്റെ പ്രശ്നമുള്ളതിനാൽ സ്വന്തം പുരയിടത്തിൽ കുഴിയെടുത്തു സംസ്കാരം നടത്തുവാൻ കഴിയാതെയും വന്നു. സഭയുടെ ശുശ്രൂഷയ്ക്കുശേഷം മൃതദേഹം ദഹിപ്പിക്കുന്നതിലെ തെറ്റും ശരിയും ചിന്തിക്കുന്നതിലപ്പുറം വിശ്വാസികളായ മക്കളുടെയും ബന്ധുക്കളുടെയും മാനസികാവസ്ഥയാണു ഇവിടെ ഓർക്കേണ്ടത്. ഇത് ഒറ്റപ്പെട്ട സംഭവമായി ചിത്രീകരിച്ച് തള്ളിക്കളയാനാവില്ല, കാരണം, പലയിടത്തും ശ്മശാന സൗകര്യമില്ല. ഉള്ളതുതന്നെ, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളാൽ തടസ്സപ്പെട്ടിരിക്കുന്നു. അങ്ങനെ വരുമ്പോൾ മൃതദേഹം വീട്ടുവളപ്പിൽ സംസ്കരിക്കുകയോ ദഹിപ്പിക്കയോ ചെയ്യുകയല്ലാതെ മറ്റു മാർഗ്ഗമില്ലല്ലോ.

നമ്മുടെ സഭകൾ നേരിടുന്നതും സർക്കാർതലത്തിൽ പരിഹരിക്കപ്പെടേണ്ടതുമായ ഇത്തരം നിരവധി പ്രശ്നങ്ങളുണ്ടാവും. അവയൊക്കെ അതതു സമയത്ത് അധികാരികളെ ബോധ്യപ്പെടുത്താൻ നമുക്ക് ഒരു പൊതുസംവിധാനം ഇല്ലാതെ പോയിരിക്കുന്നു. നമ്മുടെ ഭൂരിഭാഗം സ്ഥലംസഭകളും ചെറുതും പരിമിതമായ വിശ്വാസികൾ മാത്രം ഉള്ളവയുമാണല്ലോ. നമ്മുടെ സഭകൾക്ക് കേന്ദ്രീകൃതമായ ഒരു ഭരണസംവിധാനം വേണമെന്നല്ല ഇവിടെ പറഞ്ഞുവരുന്നത്. എന്നാൽ സഭകൾ നേരിടുന്ന പ്രശ്നങ്ങളെ അധികാരികളുടെ മുമ്പാകെ എത്തിക്കുന്നതിനുള്ള ഏകീകൃതവും ക്രമീകൃതവുമായ ഒരു സംവിധാനത്തിന്റെ അപര്യാപ്തത നമ്മുടെ സഭകളെയും വിശ്വാസികളെയും തളർത്തിക്കളയുന്നുവോ എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു.

ഒരർത്ഥത്തിൽ ഒരു ലൗകിക ഭരണസംവിധാനത്തിനു കീഴിലാണ് ഓരോ പ്രാദേശിക സഭയും പ്രവർത്തിക്കുന്നത്. ദൈവിക ഭരണം അതിനുമീതെ ശക്തമാണെന്നു നാം വിശ്വസിക്കയും ആശ്വസിക്കയും ചെയ്യുന്നു. എങ്കിലും അതതു പ്രാദേശിക ഭരണസംവിധാനത്തെ പല കാര്യങ്ങൾക്കും സമീപിക്കേണ്ടി വരുന്നു എന്നതിനാൽ ശരിയായ കാര്യങ്ങൾ ആവശ്യബോധ്യത്തോടെയും കൃത്യതയോടെയും അധികാരസ്ഥാനങ്ങളിൽ എത്തിക്കുവാൻ ഒരു പൊതുസംവിധാനം നമ്മുടെ രാജ്യത്തിന്റെ നിയമവ്യവസ്ഥയിൽ നിന്നുകൊണ്ടുതന്നെ ഉണ്ടാകേണ്ടതല്ലേ? പ്രത്യേകിച്ച് മണിപ്പൂർ വിഷയത്തിന്റെ പശ്ചാത്തലത്തിലും രാജ്യത്ത് സഭകൾക്കും സഭാ പ്രവർത്തനങ്ങൾക്കും നേരെയുള്ള ആക്രമണങ്ങൾ വർദ്ധിക്കുന്ന സാഹചര്യത്തിലും...

**സാമുവൽ തോമസ്**

## സുവിശേഷധ്വനിയുടെ ഓഫീസ്

വൈ.എം.ഇ.എഫ്. ജനറൽ ക്യാമ്പിൽ സുവിശേഷധ്വനിയുടെ ഓഫീസ് പ്രവർത്തിക്കുന്നതാണ്. നിങ്ങളുടെ വരിസംഖ്യ പുതുക്കുന്നതിനും പുതിയ വരിക്കാരായിത്തീരുന്നതിനും അവസരം പ്രയോജനപ്പെടുത്താം. ദൈവജനം സഹകരിക്കണമെ.

ചീഫ് എഡിറ്റർ

## ധ്വനി ബൈബിൾ ക്വിസ് – 42
## എസ്രായുടെ പുസ്തകം

1. ശേശ്ബസ്സർ എന്ന ദേശാധിപതിയെ നിയമിച്ചതാര്?
2. കേലായാവിന്റെ മറ്റൊരു പേര് എന്ത്?
3. ദൈവാലയ പണിക്കുവേണ്ടി നൂറ് പുരോഹിത വസ്ത്രം കൊടുത്തത് ആര്?
4. ദൈവാലയത്തിൽ യാഗം കഴിപ്പാൻ യാഗവസ്തുക്കൾക്ക് ഒരുവൻ കുറവ് വരുത്തിയാൽ ഉണ്ടാകുന്ന ശിക്ഷ എന്ത്?
5. മിത്രെദാത്ത് ആരായിരുന്നു?
6. ഏത് അകൃത്യത്തിലാണ് പ്രഭുക്കന്മാരുടെയും പ്രമാണികളുടെയും കൈ ഒന്നാമതായിരുന്നത് ?
7. ദൈവാലയത്തിന്റെ ആവശ്യത്തിനായി ഭണ്ഡാരഗൃഹത്തിൽ നിന്നും ഉപ്പു കൊടുക്കുമ്പോൾ ശ്രദ്ധിക്കേണ്ടത് എന്തെല്ലാം?
8. ഭക്ഷണവും, പാനീയവും, എണ്ണയും കൂലിയായിട്ട് കൊടുത്തത് ആർക്ക്? എന്തിനുവേണ്ടി?
9. ഇദ്ദോവ് ഏത് സ്ഥലത്തെ പ്രധാനിയായിരുന്നു?
10. അർത്ഥഹ്ശഷ്ടാ രാജാവിന് എഴുതി അയച്ച പത്രിക ഏത് ഭാഷയിൽ ആയിരുന്നു.?

**ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി ആഗസ്റ്റ് 25**

വിലാസം: **സ്പർജൻ കെ. ജെ, ബൈബിൾ ഭവൻ,**
**റസ്സൽപുരം. പി. ഒ., ബാലരാമപുരം , തിരുവനന്തപുരം – 695 501**
**ഇമെയിൽ : spurjan.kj@gmail.com, വാട്ട്സാപ്പ് നമ്പർ : 9495131875**

## വിജയികൾക്ക് അഭിനന്ദനങ്ങൾ

ധ്വനി ബൈബിൾ ക്വിസിൽ 27 മുതൽ 40 വരെയുള്ള ചോദ്യങ്ങളുടെ ശരിയുത്തരം അയച്ചവർക്കുള്ള സമ്മാനങ്ങൾ ആഗസ്റ്റ് മാസം നടക്കുന്ന വൈ.എം.ഇ.എഫ്. ജനറൽ ക്യാമ്പിൽ വച്ച് വിതരണം ചെയ്യുന്നതാണ്. മുഴുവൻ ചോദ്യങ്ങൾക്കും ശരിയുത്തരം അയച്ചവർ ആരും തന്നെ ഇല്ല. എങ്കിലും ഏറ്റവും കൂടുതൽ ശരിയുത്തരം അയച്ചവരിൽ നിന്നും 1, 2, 3 സ്ഥാനം ലഭിച്ചവർക്കും മൂന്ന് പേർക്ക് പ്രോത്സാഹനസമ്മാനവും വിതരണം ചെയ്യുന്നതാണ്.

### ഒന്നാം സമ്മാനം ലഭിച്ചവർ

1. പി.വി. എലിസബത്ത്, പേരൂർക്കട
2. ജെസ്സി സാം, റാന്നി
3. ലില്ലി ജോൺ, പാലാരിവട്ടം
4. ജിൻസി അനീഷ്, കൊടുങ്ങല്ലൂർ
5. ഡെയ്സി ജോസ്, മാവേലിക്കര

### രണ്ടാം സമ്മാനം ലഭിച്ചവർ

1. മേരി ജോർജ്, റാന്നി
2. ജോളി രാജൻ, ബാംഗ്ലൂർ
3. തോമസ് സാമുവേൽ, കൊല്ലം
4. നൈസി രെഞ്ചി, ചേപ്പാട്
5. ആലീസ് കോര, കോട്ടയം
6. മറിയാമ്മ തോമസ്, കുന്നന്താനം
7. ജോളി മാത്യു, കലഞ്ഞൂർ

### മൂന്നാം സമ്മാനം ലഭിച്ചവർ

1. മോളി ജോയി, മൂവാറ്റുപുഴ
2. ലിസി സാജൻ, പുത്തൻകാവ്
3. മേരി പി മാമ്മൻ, കല്ലിശ്ശേരി

### പ്രോത്സാഹന സമ്മാനം ലഭിച്ചവർ

1. ജോയ്സ് ഗീവർഗ്ഗീസ്, അടൂർ
2. ജോയ്സ് ജേക്കബ്, കറുകച്ചാൽ
3. പൊന്നമ്മ രാജു, ബാംഗ്ലൂർ

ചീഫ് എഡിറ്റർ : സാം സഖറിയ
അസോ. എഡിറ്റർ : സാമുവൽ തോമസ്
മാനേജിംഗ് എഡിറ്റർ : ജോയികുമാർ വി.കെ.
സർക്കുലേഷൻ മാനേജർ : സ്പർജൻ കെ.ജെ.
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ : ₹ 200/-
വിദേശങ്ങളിൽ : ₹ 3000/-

വാർത്തകളും രചനകളും ഇ-മെയിൽ വഴിയോ, തപാലിലോ, നേരിട്ടോ ചീഫ് എഡിറ്ററുടെ വിലാസത്തിൽ അയയ്ക്കുക.
വരിസംഖ്യയും സംഭാവനകളും സുവിശേഷധ്വനിയെന്ന് മാത്രമെഴുതി മാനേജിംഗ് എഡിറ്ററുടെ വിലാസത്തിൽ അയ്ക്കുക. പരസ്യങ്ങൾ സ്വീകരിക്കുന്നതല്ല.

**Bank Details:**
Account Name : **Suviseshadhwani**
**CSB BANK**, Thiruvananthapuram Main Branch
Account No: 009604073006195001
IFSC Code : CSBK 0000096

### തിരുമൊഴി

"എളിയവനോടു കൃപ കാട്ടുന്നവൻ യഹോവെക്കു വായ്പ കൊടുക്കുന്നു; അവൻ ചെയ്ത നന്മെക്കു അവൻ പകരം കൊടുക്കും" (സദൃ. 19:17)

എന്റെ ജനം പ്രാർത്ഥിക്കുന്നുവെങ്കിൽ

# അരുണാചൽപ്രദേശിലെ സാകി ഭാഷക്കാർക്കുവേണ്ടി

സാകി ഭാഷയിലേക്ക് വേദപുസ്തകം വിവർത്തനം ചെയ്തുകൊണ്ടിരിക്കുന്ന ടീമിന്റെ ചിത്രമാണ് ഇതൊന്നിച്ച് കൊടുത്തിരിക്കുന്നത്.

"To the regions beyond I must go

I must go where the story has never been told"

എന്ന ഗാനം മനസ്സിൽ അലയടിച്ചുകൊണ്ടിരുന്നതിന്റെ ഫലമായിട്ടാണ് ഉത്തരകിഴക്കൻ സംസ്ഥാനമായ അരുണാചൽ പ്രദേശിലെ സാകി ഭാഷയിലേക്ക് വേദപുസ്തകം തർജ്ജിമ ചെയ്യുവാൻ ഡാക് പാങ് എന്ന് ഒരു ഭക്തനായ മനുഷ്യൻ NLCI യെ സമീപിച്ചത്. സാകി സമൂഹം ഇതിനെ പിന്തുണക്കുകയും അങ്ങനെ പരിഭാഷ ആരംഭിക്കുകയും ചെയ്തു. ദൈവവചനത്തോടുള്ള അദ്ദേഹത്തിന്റെ സ്നേഹവും അത് സ്വജാതിക്കാർക്ക് അവരുടെ ഭാഷയിൽ എത്തിച്ചുകൊടുക്കുവാനുള്ള അദ്ദേഹത്തിന്റെ ആവേശവും മറ്റുള്ളവർക്ക് പ്രോത്സാഹനമായി. അതിനായി ഒരു കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം തുടങ്ങി. എന്നാൽ 2019 -ൽ സാങ്പാങ് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ഇത് എല്ലാവരേയും ഞെട്ടിപ്പിച്ചു. എങ്കിലും ഒരു പിൻഗാമിയെ നിശ്ചയിച്ച് വേല തുടർന്നു.



Saki Translation team – Dangpang (second from right) and Abraham Saki (first from right)

ഏബ്രഹാം സാകി എന്ന ഒരു ചെറുപ്പക്കാരന് ഈ ഭാഷ നന്നായി അറിയാമായിരുന്നു. താനും മറ്റു സഹോദരന്മാരും ചേർന്ന് തർജ്ജിമ തുടരുന്നു. 2024 -ൽ പുതിയനിയമം ഈ ഭാഷയിൽ പ്രസിദ്ധീകരിക്കണമെന്ന ലക്ഷ്യത്തോടെ അവർ പ്രവർ ത്തനം തുടരുകയാണ്. നിങ്ങൾ ഈ ശുശ്രൂഷക്കുവേണ്ടി പ്രാർത്ഥിക്കുമോ?

**സമ്പാദനം : ഇ.ജെ.പി.**

## പുതിയ ഗാനം

രാജാധിരാജൻ ശ്രീയേശുനാഥൻ
വിശ്വം ചമച്ചവൻ രക്ഷിതാവായ്
മാനവരെത്തേടി ഭൂവിൽ വന്നു
മാനവർക്കായ് യേശു ചോര ചിന്തി-

ക്രൂശിൽ മരിച്ചു താൻ രക്ഷ നൽകി
വിശ്വസിപ്പവർക്കു രക്ഷയേകും
വിശ്വസിക്കാത്തോർക്കു ശിക്ഷ നൽകി
വൻ നരകത്തിന്നവകാശിയാക്കും –
രാജാ.....

രക്ഷകൻ യേശുവിൽ വിശ്വസിച്ചാൽ
നീയും കുടുംബവും രക്ഷനേടും
സ്വർഗ്ഗ രാജ്യാവകാശിയായി
നിത്യകാലം സ്വർഗ്ഗവാസം ചെയ്യാം –
രാജാ.....

**ബ്ര. തോമസ് കെ. രാജു, വള്ളിക്കുന്നം**

# 15 ഫിലേമോൻ ലേഖന പഠനം

**സാംസൺ ഹെൻറി, കൊല്ലം**

## എനിക്കും നിനക്കും പ്രയോജനമുള്ളവൻ

**ഇപ്പോൾ ഒനേസിമൊസ് പൗലൊസിന്റെ ആത്മിക മകനാണ്. ഓടിപ്പോയവൻ, ഉപേക്ഷിക്കപ്പെട്ടവൻ, യജമാനനോടു നന്ദിയും കൂറുമില്ലാത്തവൻ, അനാഥൻ, വിലയില്ലാത്ത അടിമ എന്നൊക്കെ ഒനേസിമൊസിനെ വിളിക്കാമെങ്കിലും ഇപ്പോൾ ക്രിസ്തുവിലുള്ള അവന്റെ വീണ്ടും ജനനം അവനെ ഒരു പുതിയ സൃഷ്ടിയാക്കിയിരിക്കയാണ്.**

(ഫിലേ. 11) അവൻ മുമ്പെ നിനക്കു പ്രയോജനമില്ലാത്തവൻ ആയിരുന്നു; ഇപ്പോൾ നിനക്കും എനിക്കും നല്ല പ്രയോജനമുള്ളവൻ തന്നേ (who once was unprofitable to you, but now is profitable to you and to me).

ഫിലേമോന്റെ ഭവനത്തിലെ അടിമയായ ഒനേസിമൊസ് എന്തോ കാരണത്താൽ യജമാനനെ ധിക്കരിച്ചു റോമിലേക്കു ഒളിച്ചോടി. എങ്ങനെയോ പൗലൊസിന്റെ തടവറയ്ക്കു സമീപം എത്തിച്ചേർന്ന ഒനേസിമൊസിനെ ക്രിസ്തുവിന്റെ രക്ഷണ്യകൃപയിലേക്കു പൗലൊസ് വഴിനടത്തി. രക്ഷിക്കപ്പെട്ടത് അടിമയെങ്കിലും ഇപ്പോൾ ഒനേസിമൊസ് പൗലൊസിന്റെ ആത്മിക മകനാണ്. ഓടിപ്പോയവൻ, ഉപേക്ഷിക്കപ്പെട്ടവൻ, യജമാനനോടു നന്ദിയും കൂറുമില്ലാത്തവൻ, അനാഥൻ, വിലയില്ലാത്ത അടിമ എന്നൊക്കെ ഒനേസിമൊസിനെ വിളിക്കാമെങ്കിലും ഇപ്പോൾ ക്രിസ്തുവിലുള്ള അവന്റെ വീണ്ടും ജനനം അവനെ ഒരു പുതിയ സൃഷ്ടിയാക്കിയിരിക്കയാണ്. പൗലൊസ് ബന്ധിതനായി തടവിൽ കിടക്കുന്നവനെങ്കിലും സുവിശേഷത്തിനും ദൈവവചനത്തിനും ബന്ധനം ഇല്ലാത്തതിനാൽ ക്രിസ്തുവിന്റെ സ്നേഹം അനുഭവിച്ച ഒനേസിമൊസ് എന്ന അടിമ ദൈവമകനും, പൗലൊസിന്റെ മകനും, സ്വർഗ്ഗീയാനുഗ്രഹങ്ങൾക്കു കൂട്ടവകാശിയും സകലർക്കും പ്രയോജനമുള്ളവനും ആയിത്തീർന്നിരിക്കുന്നു.

ക്രിസ്തുവിലൂടെ വീണ്ടും ജനനം പ്രാപിച്ച അടിമയായിരുന്ന ഒനേസിമൊസിനെക്കുറിച്ചു അവന്റെ യജമാനനായ ഫിലേമോനോടു പൗലൊസ് സാക്ഷ്യപ്പെടുത്തുന്നത് "അവൻ മുമ്പേ നിനക്കു പ്രയോജനമില്ലാത്തവൻ ആയിരുന്നു; ഇപ്പോൾ നിനക്കും എനിക്കും നല്ല പ്രയോജനമുള്ളവൻ തന്നേ" (11) എന്നാണ്. മുമ്പേ അടിമ ഇപ്പോൾ മകൻ, മുമ്പേ പ്രയോജനമില്ലാത്തവൻ ഇപ്പോൾ പ്രയോജനമുള്ളവൻ. സുവിശേഷത്തിന്റെയും വീണ്ടും ജനനത്തിന്റെയും രൂപാന്തരശക്തി എത്രയോ ധന്യമായത്. ഈ സന്ദേശം വെളിപ്പെടുത്തുന്ന ചില വ്യക്തികളെ നമുക്കു തിരുവചനത്തിലൂടെ പരിചയപ്പെടാം.

1. അശുദ്ധാത്മാവു ബാധിച്ച ഒരു മനുഷ്യനെ യേശു ഗദരദേശത്തു വെച്ചു സൗഖ്യമാക്കി. ഭൂതങ്ങൾ വിട്ടുപോയ ആ മനുഷ്യൻ പിന്നീട് കർത്താവായ യേശുവിനെ അനുഗമിച്ചു (മർക്കോ. 5:15).
2. അഞ്ചു ഭർത്താക്കന്മാരുണ്ടായിരുന്ന ശമര്യസ്ത്രീ തന്നോടു സംസാരിക്കുന്ന യേശു മശിഹായാണെന്നു മനസ്സിലാക്കിയപ്പോൾ താൻ മനസ്സിലാക്കിയ സത്യം മറ്റുള്ളവരെ അറിയിക്കാൻ തിടുക്കത്തിൽ പട്ടണത്തിലേക്കു ഓടിപ്പോയി. തന്റെ ദേശവാസികളെ കർത്താവിന്റെ അടുക്കലേക്കു കൂട്ടിക്കൊണ്ടുവന്നു (യോഹ. 4:17–30).
3. ഒരു സാധാരണ മുക്കുവനായ പത്രോസ് കർത്താവിന്റെ കരങ്ങളിൽ ഒരു ഇണങ്ങിയ ഉപകരണമായി രൂപാന്തരപ്പെടുന്നു. ജീവനുള്ള മത്സ്യത്തെ പിടിച്ച് കരയിലെത്തുമ്പോൾ അവയുടെ ജീവൻ നഷ്ടപ്പെടുകയാണു സംഭവിച്ചിരുന്നത്. എന്നാൽ ക്രിസ്തുവിന്റെ കരങ്ങളിൽ തന്നെത്തന്നെ സമർപ്പിച്ചപ്പോൾ അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്ന ആയിരക്കണക്കിനു മനുഷ്യർക്കു ക്രിസ്തുവിലൂടെ നിത്യജീവൻ നല്കുവാൻ പത്രോസിനു ദൈവകൃപ ലഭിച്ചു. സുവിശേഷമാകുന്ന ജീവനുള്ള വചനത്താൽ അവർ ജീവൻ പ്രാപിച്ചു ദൈവസഭയുടെ അംഗങ്ങളായിത്തീർന്നു (അപ്പോ. 2:38–42).
4. കർത്താവിന്റെ സഭയെ ഉപദ്രവിച്ചിരുന്ന ശൗൽ കർത്താവിന്റെ ദർശനം ലഭിച്ചതിനാൽ കർത്താവിന്റെ ഒരുത്തമ ശിഷ്യനായ പൗലോസായിത്തീർന്നു. സഭകളുടെയും വിശ്വാസികളുടെയും ഉറ്റമിത്രമായിത്തീർന്നു (അപ്പോ. 9:1–18).
5. ഫിലിപ്പിയിലെ കാരാഗൃഹ പ്രമാണി പൗലോസിന്റെ സുവിശേഷം കേട്ടു രക്ഷിക്കപ്പെട്ടു. അതോടെ അദ്ദേഹം ഒരു ക്രിസ്തുഭക്തനായി മാറി (അപ്പോ. 16:24–33).

ഒനേസിമൊസ് എന്ന പേരിന് പ്രയോജനമുള്ളവൻ (Profitable/ Serviceable/Useful) എന്നാണർത്ഥം. രക്ഷിക്കപ്പെട്ടശേഷമാണ് യഥാർത്ഥത്തിൽ അവന്റെ പേരിന്റെ അർത്ഥവും പ്രസക്തിയും ജീവിതത്തിൽ വെളിപ്പെടുന്നത്. ഫിലേമോന്റെ വീട്ടിലും അതിനുശേഷം ഒളിച്ചോടിപ്പോയപ്പോഴും ഫിലേമോനെ സംബന്ധിച്ചു അവൻ പ്രയോജനമില്ലാത്തവനും അനുസരണമില്ലാത്തവനുമായിരുന്നു. എന്നാൽ ഇപ്പോൾ പൗലൊസിനു മാത്രമല്ല ഫിലേമോനും പ്രയോജനമുള്ളവനായിത്തീരുന്നു. പൗലൊസ് തടവറയിലായിരുന്നപ്പോൾ ഒനേസിമൊസ് പൗലൊസിനെ ശുശ്രൂഷിക്കുകയും സഹായിക്കുകയും ചെയ്തു കാണും. സുവിശേഷത്തിലൂടെ അവനിൽ വന്ന മാറ്റം പൗലൊസിന്റെ ഹൃദയം തണുപ്പിച്ചു. അവന്റെ സേവനം പൗലൊസിനു ആശ്വാസമായി. അതു "മാനസാന്തരത്തിന്നു യോഗ്യമായ ഫലം കായ്പിൻ" (മത്താ. 3:8) എന്ന വചനപ്രകാരം ഒനേസിമൊസിന്റെ തടവറയിലെ സേവനം മാനസാന്തരത്തിനു തെളിവായി പൗലൊസ് എണ്ണുന്നു. ഫിലേമോനെ സംബന്ധിച്ചു ഓടിപ്പോയ അടിമയെന്ന നിലയിൽ നഷ്ടം വരുത്തിയവനും പ്രയോജനമില്ലാത്തവനായിരുന്നു. എന്നാൽ വീണ്ടും ജനനം പ്രാപിച്ച ഒനേസിമൊസ് ആത്മികവും ശാരീരികവുമായി പൗലൊസിനു പ്രയോജനമുള്ളവനായിത്തീർന്നു. ഇനി അവൻ തന്റെ യജമാനനായ ഫിലേമോനും പ്രയോജനമുള്ളവനായിരിക്കും എന്നു പൗലൊസ് വിശ്വസിക്കുന്നു. ഒനേസിമൊസ് ദൈവമകൻ എന്ന നിലയിൽ ക്രിസ്തുവിലൂടെ ആർജ്ജിക്കപ്പെട്ട സ്വഭാവസവിശേഷതയുടെ ബഹിർഗമനം പൗലൊസിനു മാത്രമല്ല ഫിലേമോനും ലഭിക്കും എന്നു പൗലൊസ് സാക്ഷ്യപ്പെടുത്തുന്നു.

അടിമ യജമാനനെ അനുസരിച്ചു കല്പനകൾ അനുസരിച്ചു ആശ്രിതനായി ജീവിക്കേണ്ടവനാണ്. എന്നാൽ ഒനേസിമൊസ് യജമാനനായ ഫിലേമോന്റെ ഭവനത്തിൽ നിന്നും ഒളിച്ചോടുന്നു. അവിടെ നിന്നും ഏതെങ്കിലും അപഹരിച്ചുകൊണ്ടാണോ ഓടിപ്പോയതെന്നും എത്രമാത്രം കഷ്ടവും, നഷ്ടവും, പ്രയാസവും അവൻമൂലം ഉണ്ടായിയെന്നും നമുക്കറിവില്ല. എന്നാൽ പൗലൊസ് പറയുന്നത് അവൻ മുമ്പേ നിനക്കു പ്രയോജനമില്ലാത്തവൻ എന്നാണ്. ക്രിസ്തുവിൽ വിശ്വസിച്ചു ഒനേസിമൊസ് രക്ഷിക്കപ്പെട്ടതിനാൽ ഇനി അപ്രകാരം പാപത്തിന്റെ പ്രവൃത്തിയും വിദ്വേഷവും അവനിൽ നിന്നു ഉണ്ടാകുകയില്ലെന്നു പൗലൊസ് വിശ്വസിക്കുന്നു. അതുകൊണ്ടാണ് "ഇപ്പോൾ നിനക്കും എനിക്കും പ്രയോജനമുള്ളവൻ" (ഫിലേ. 11) എന്നു പൗലൊസ് സാക്ഷ്യപ്പെടുത്തുന്നത്. ഇപ്രകാരമുള്ള സാക്ഷ്യത്തിന്റെ അടിസ്ഥാനമെന്നത് രക്ഷിക്കപ്പെട്ടപ്പോൾ അഥവാ "ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയതു കഴിഞ്ഞുപോയി, ഇതാ, അതു പുതുതായി തീർന്നിരിക്കുന്നു" (2 കൊരി. 5:17) എന്ന തിരുവചനത്താൽ തന്നെ.

കർത്താവിൽ ശരണപ്പെട്ടു പാപങ്ങളേറ്റു പറഞ്ഞുപേക്ഷിക്കുമ്പോൾ മുൻകാലപാപങ്ങളും അതിക്രമങ്ങളും ഇനി ഒരിക്കലും ഓർക്കാതെ കഴുകി ശുദ്ധമാക്കപ്പെടുന്നു. ക്രൂശിൽ ചൊരിഞ്ഞ രക്തത്താൽ ശുദ്ധീകരണവും വീണ്ടെടുപ്പും മാത്രമല്ല സകല ആത്മികാനുഗ്രഹങ്ങളാലും അഭിഷേകം ചെയ്യപ്പെടുന്നു. ഒനേസിമൊസ് ഇപ്പോൾ ദൈവപൈതൽ എന്ന നിലയിൽ അവന്റെ സകല മുൻപാപങ്ങളും അതിക്രമങ്ങളും ദൈവം ക്ഷമിച്ചിരിക്കുന്നു. അതുകൊണ്ടു അവനെതിരേയുള്ള സകല തെറ്റുകളും ആരോപണങ്ങളും ഫിലേമോനും ക്ഷമിക്കണമെന്നാണ് പൗലൊസ് ആഗ്രഹിക്കുന്നത്.

വിശ്വാസികളായ ദൈവമക്കൾ എവിടെയായിരുന്നാലും സകലർക്കും അനുഗ്രഹവും, പ്രയോജനവും, ദൈവനാമമഹത്വത്തിനു കാരണക്കാരും ആകണമെന്ന പാഠവും ഇവിടെ ലഭിക്കുന്നു. യജമാനന്മാർ വിശ്വാസികളോ അവിശ്വാസികളോ എന്ന വ്യത്യാസമില്ലാതെ ദൈവമക്കളുടെ സാന്നിദ്ധ്യം അവരായിരിക്കുന്നിടത്ത് അനുഗ്രഹകാരണമായിത്തീരണം. ദൈവമക്കളുടെ സാന്നിദ്ധ്യം അനേകർക്കു അനുഗ്രഹവും പ്രയോജനവും ആയിരിക്കുന്ന അനേക ദൃഷ്ടാന്തങ്ങൾ തിരുവചനത്തിലുണ്ട്. അപ്പോൾത്തന്നെ ചിലരുടെ സാന്നിദ്ധ്യം ബഹുകഷ്ടങ്ങൾക്കും, ദുഃഖങ്ങൾക്കും, പ്രയോജനമില്ലായ്മക്കും മാത്രമല്ല ദൈവനാമത്തിനു അപമാനം വരുത്തുന്നതുമായ ദൃഷ്ടാന്തങ്ങളും തിരുവചനത്തിലുണ്ട്. ●

# പരിശുദ്ധാത്മനിറവും ആത്മീയ ശുശ്രൂഷകളും

സി.എച്ച്. സ്പർജൻ

ബൈബിൾ ദൈവീകവെളിപാടിന്റെ പുസ്തകമാണ്. ത്രിത്വോപദേശം അടങ്ങിയിരിക്കുന്നത് തിരുവെഴുത്തിലാണ്. ത്രിത്വം എന്ന വാക്ക് തിരുവെഴുത്തിൽ ഒരു സ്ഥാനത്തും പറഞ്ഞിട്ടില്ലെങ്കിലും മനുഷ്യരുടെ വീണ്ടെടുപ്പിനോടുള്ള ബന്ധത്തിൽ തുടർച്ചയായി പറഞ്ഞിട്ടുണ്ട്. പിതാവായ ദൈവം, പുത്രനായ ദൈവം, പരിശുദ്ധാത്മാവാം ദൈവം. ക്രിസ്തീയ ഉപദേശത്തിന്റെ അടിസ്ഥാനമായ ഈ അനുഗ്രഹീതസത്യം നാം ഗ്രഹിക്കുകയും ജീവിതത്തിൽ അനുഭവിക്കുകയും വേണം.

> **പരിശുദ്ധാത്മാവിന്റെ പ്രവർത്തനം ഒരു മർമ്മം ആണ്. ആർക്കും അത് ഗ്രഹിക്കുവാൻ കഴിയുകയില്ല. കാറ്റ് ഊതുമ്പോൾ ശബ്ദം കേൾക്കുന്നു. എന്നാൽ അത് എവിടെ നിന്ന് വരുന്നു എന്ന് ആർക്കും ഗ്രഹിക്കുവാൻ കഴിയുകയില്ല. അങ്ങനെ തന്നെയാണ് ആത്മാവിൽ ജനിക്കുന്നവരും.**

സൃഷ്ടിയിൽ ദൈവീകത്രിത്വങ്ങൾ പ്രവർത്തിച്ചിട്ടുണ്ട് എന്നു മനസ്സിലാക്കാം. ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. "അനന്തരം ദൈവം നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക" (ഉല്പ. 1:26). ഇവിടെ ദൈവീകത്രിത്വം അന്യോന്യം ആലോചിച്ച് തീരുമാനമെടുക്കുന്നു. നിത്യവചനമായ (ലോഗോസ്) കർത്താവായ യേശുക്രിസ്തുവിനും സൃഷ്ടിയിൽ തുല്യപങ്കാളിത്തമാണുള്ളത്. "ഉളവായതൊന്നും അവനെ കൂടാതെ ഉളവായതല്ല". ഇവിടെ പിതാവായ ദൈവത്തിനും, പുത്രനായ ദൈവത്തിനും, പരിശുദ്ധാത്മാവാം ദൈവത്തിനും തുല്യ പങ്കാളിത്തമാണുള്ളത്. ദൈവത്തിന്റെ രക്ഷാപ്രവൃത്തിയിലും ത്രിത്വം ഉണ്ട്. പിതാവായ ദൈവം പുത്രനെ ലോകത്തിലേയ്ക്കയച്ചു. ലോകത്തിനു അടിസ്ഥാനമിടുന്നതിനു മുമ്പേ ദൈവം തന്റെ ജനത്തെ തെരഞ്ഞെടുത്തിരുന്നു; രക്ഷാപദ്ധതി തയ്യാറാക്കിയിരുന്നു. നമ്മുടെ രക്ഷയ്ക്കുവേണ്ടി കർത്താവ് സ്വർഗ്ഗത്തിൽ നിന്നും താണിറങ്ങി വന്നു. പാപം ഏറ്റെടുത്തു മരിച്ചു, അടക്കപ്പെട്ടു, ഉയർത്തെഴുന്നേറ്റു സ്വർഗ്ഗത്തിലേയ്ക്കു കരേറിപ്പോയി. ഇന്ന് പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്തിരുന്ന് നമുക്കുവേണ്ടി പക്ഷവാദം ചെയ്തുകൊണ്ടിരിക്കുന്നു. പെന്തക്കോസ്തുനാളിൽ, എന്നേക്കും നമ്മോടുകൂടെ ഇരിക്കേണ്ടതിന് പരിശുദ്ധാത്മാവാം ദൈവത്തെ ദാനം ചെയ്തു. ക്രിസ്ത്യാനിത്വത്തിന്റെ എല്ലാ അനുഗ്രഹീത സത്യങ്ങളും ആത്മാവിന്റെ ഫലത്തിന്റെ കൂട്ടത്തിൽ പറഞ്ഞിരിക്കുന്നു.

പരിശുദ്ധാത്മാവാം ദൈവത്തിന്റെ പ്രവർത്തനം ശക്തിയേറിയ ഉണർവ്വ് ദൈവജനത്തിന്റെ മധ്യത്തിൽ ഉണ്ടാകുന്നു. 1858 –ൽ അമേരിക്കയിൽ വലിയൊരു ആത്മീയ ഉണർവ്വുണ്ടായി. രണ്ടുലക്ഷത്തിഅമ്പതിനായിരത്തിലധികം ആളുകൾ ദൈവവചനം കേൾക്കുകയും ദൈവമക്കളായിത്തീരുകയും ചെയ്തു. ദൈവസഭയിൽ വിവിധശുശ്രൂഷകൾക്കു നേതൃത്വം നൽകി. ഈ ഉണർവ്വോടുകൂടി സാത്താനും ശക്തമായി എതിർത്തു പ്രശ്നങ്ങളുണ്ടായി. അപ്പോൾ ഇത് പൂർണ്ണമായും ദൈവത്തിന്റെ കൃപയാലുള്ള പ്രവർത്തനങ്ങളാണെന്നു ഗ്രഹിക്കുവാൻ കഴിഞ്ഞു.

നായ്ക്കളെപ്പോലെ സാത്താൻ എപ്പോഴും കുരച്ചുകൊണ്ടിരിക്കുകയില്ല. കുരയ്ക്കുവാൻ തക്കകാരണമുണ്ടാകുമ്പോൾ മാത്രമേ കുരയ്ക്കുകയുള്ളൂ. തന്റെ രാജ്യത്തിനു അപകടം സംഭവിക്കുമ്പോൾ അലറുവാൻ തുടങ്ങുന്നു. ഈ വലിയ ശുശ്രൂഷയിൽ ആത്മീയനേതാക്കന്മാരുടെ ആരുടേയും വലിയ പ്രവർത്തനമുണ്ടായിട്ടില്ല. ഇന്ന് ആത്മീയ ഉണർവ്വുണ്ടാകുവാൻ തടസ്സമായിരിക്കുന്നത് ആത്മീയനേതൃത്വം തങ്ങളെത്തന്നെ വലിയവരാക്കി കാണിക്കുവാൻ തുടങ്ങുമ്പോഴാണ്. കർത്താവിന്റെ രക്തത്താൽ ഉളവായ സഭയിൽ കൂടി വേണം ആത്മീയ ശുശ്രൂഷകളും, ഉണർവ്വും നടക്കേണ്ടത്. ഇവിടെ എല്ലാ ശുശ്രൂഷകന്മാരും ഏകാത്മാവിൽ ഒന്നിച്ചു പ്രവർത്തിച്ചു. ആരും നേതാക്കന്മാരായില്ല. ദൈവം പ്രവർത്തിച്ചു. ഉണർവ്വിന്റെ അടിസ്ഥാനം പ്രാർത്ഥനയാണ്. പ്രാർത്ഥനയ്ക്കായി പതിവിൽ കവിഞ്ഞ് അനേകായിരങ്ങൾ പങ്കെടുത്തു. പ്രാർത്ഥനയോടുകൂടി ക്രമീകരിച്ച യോഗങ്ങളിൽ അനേകായിരങ്ങൾ പങ്കെടുത്തു. ഓരോ ദിവസവും അനേകർ രക്ഷിക്കപ്പെട്ടു. അവരെയോർത്ത് പ്രാർത്ഥിക്കുവാനായി ദൈവജനത്തോട് ആഹ്വാനം ചെയ്തു. ദൈവജനത്തിന്റെ തീക്ഷ്ണതയോടുകൂടിയ പ്രാർത്ഥനയ്ക്കു ഉത്തരം ലഭിച്ചു.

പരിശുദ്ധാത്മാവിന്റെ പ്രവർത്തനം ഒരു മർമ്മം ആണ്. ആർക്കും അത് ഗ്രഹിക്കുവാൻ കഴിയുകയില്ല. കാറ്റ് ഊതുമ്പോൾ ശബ്ദം കേൾക്കുന്നു. എന്നാൽ അത് എവിടെ നിന്ന് വരുന്നു എന്ന് ആർക്കും ഗ്രഹിക്കുവാൻ കഴിയുകയില്ല. അങ്ങനെ തന്നെയാണ് ആത്മാവിൽ ജനിക്കുന്നവരും.

പരിശുദ്ധാത്മാവ് പ്രവർത്തിക്കുമ്പോൾ അത് നമ്മുടെ ആത്മീയശക്തിയെ ഉണർത്തുന്നു. ദൈവത്തിൽ വിശ്വസിക്കുന്നവർക്ക് ദൈവഹിതം ഗ്രഹിക്കുവാനും, ആത്മീയ ശുശ്രൂഷകൾ ശരിയായി നിർവ്വഹിക്കുവാനും കഴിവ് ലഭിക്കുന്നു. അനേകർക്കും വലിയ അറിവുണ്ടായിരിക്കും. എന്നാൽ ആത്മീയകാര്യങ്ങളിൽ തികച്ചും അജ്ഞരാണ്. കർത്താവിന്റെ തേജസ്സും മഹത്വവും ആസ്വദിക്കുവാൻ കഴിയാത്തവർ. നന്മ ഉപേക്ഷിച്ച് തിന്മയെ സ്നേഹിക്കുന്നവർ.

രക്ഷയിലേയ്ക്ക് വരുന്ന മനുഷ്യന് ഒരു പുതിയ സ്വഭാവത്തിന് അർഹനാകുന്നു. ഇതിനുമുമ്പില്ലാത്ത ആത്മീയശക്തി പരിശുദ്ധാത്മാവ് നൽകുന്നു. അപ്പൊസ്തലനായ പൗലോസ് തന്റെ ലേഖനത്തിൽ മനുഷ്യന് ദേഹവും, ദേഹിയും, ആത്മാവും ഉണ്ട് എന്ന് വിവരിച്ചിട്ടുണ്ട്. അനേകം എഴുത്തുകാർ ദേഹവും, ദേഹിയും മാത്രമുള്ള മനുഷ്യൻ എന്നാണ് പറഞ്ഞിരിക്കുന്നത്. അത് ശരിയുമാണ്. കാരണം രക്ഷിക്കപ്പെടാത്ത ഒരുവന്റെ ആത്മാവ് ജീവനില്ലാത്തതുകൊണ്ട് അവന് ദേഹവും, ദേഹിയും മാത്രമേയുള്ളൂ. എന്നാൽ രക്ഷിക്കപ്പെട്ട ഒരാളിന് ഉന്നതമായ ആത്മാവുണ്ട്. രക്ഷിക്കപ്പെട്ടവർക്ക് കർത്താവിനോട് കൂട്ടായ്മ അനുഭവിക്കുന്നതിനുള്ള ആത്മീയശക്തിയുണ്ട്. പരിശുദ്ധാത്മാവ് നമ്മിൽ പ്രവർത്തിക്കുമ്പോൾ ഭൗമീക കാര്യങ്ങളെക്കുറിച്ചുള്ള ചിന്തകൾ കുറയുന്നു. പരിശുദ്ധാത്മാവ് വിശ്വാസികളെ ഉണർത്തുന്നു. മനുഷ്യൻ ഒരു യന്ത്രത്തോടു സമാനമാണ്. യന്ത്രത്തിന്റെ പൽചക്രങ്ങൾ ഒന്നിനോടൊന്ന് ബന്ധപ്പെട്ടിട്ടില്ലാത്തതുകൊണ്ട് പ്രവർത്തനരഹിതമാണ്. പരിശുദ്ധാത്മാവിന്റെ ആദ്യത്തെ പ്രവൃത്തി മനുഷ്യജീവിതത്തിലുള്ള ക്രമക്കേടുകളെ പരിഹരിച്ച് പ്രവർത്തനക്ഷമമാക്കുക എന്നതാണ്. ദൈവഹിതമനുസരിച്ച് വിശുദ്ധിയിൽ പ്രവർത്തിച്ചു തുടങ്ങുന്നു.

"പത്രോസ് ഈ വാക്കുകൾ പറഞ്ഞപ്പോൾ പ്രസംഗം കേട്ട എല്ലാവരുടേയും മേൽ ആത്മാവ് വന്നു". വചനശുശ്രൂഷ ചെയ്യുന്നവൻ ആത്മാവിനാൽ നിറയണം. ഒരിക്കൽ ഒരു പാട്ടുകാരൻ "യേശു എന്റെ ആത്മാവിന്റെ സ്നേഹിതൻ" എന്ന പാട്ട് പാടിയപ്പോൾ രണ്ടുപേർ പ്രസംഗം കേൾക്കുന്നതിനും, രക്ഷിക്കപ്പെടുന്നതിനും ഇടയായി. വചനശുശ്രൂഷ ചെയ്യുന്നവർ ആത്മനിറവോടുകൂടി ശുശ്രൂഷിക്കുമ്പോൾ അനേകരെ രക്ഷയിലേക്ക് നടത്തും.

പ്രസംഗത്തിന്റെ ഏതെങ്കിലും ഭാഗം നിങ്ങളോടു സംസാരിച്ചിട്ടുണ്ടെങ്കിൽ ശുശ്രൂഷകൻ പറയും "സ്വർഗ്ഗത്തിലെ യജമാനൻ എന്നോടു കൽപ്പിച്ചത് ഞാൻ പറഞ്ഞു" പരിശുദ്ധാത്മാവ് പ്രസംഗകരിലൂടെ പ്രവർത്തിക്കുന്നു. അവർക്ക് പണ്ഡിതന്മാരുടെ അറിവുണ്ട്. എന്നാൽ അങ്ങനെയുള്ള പ്രസംഗങ്ങൾ അനുഗ്രഹമായിരിക്കുകയില്ല. ബാഹ്യമായിട്ടുള്ള പ്രകടനത്താൽ ആരും മുന്നോട്ടു വരികയില്ല. റോമാസഭ സൈന്യബലം കൊണ്ട് അനേകം രാജ്യങ്ങൾ കീഴടക്കി, നിർബന്ധിച്ച് ആളുകളെ സഭയിൽ ചേർക്കാമെന്നു കരുതി. എന്നാൽ വളരെ കുറച്ചുപേർ മാത്രമേ ഭയപ്പെട്ടു സഭയിൽ ചേർന്നുള്ളൂ. അനേകർ തങ്ങളുടെ വിശ്വാസം കാത്തുസൂക്ഷിക്കുന്നതിനായി മരിക്കുന്നതിനും തയ്യാറായി. അനേകരെ തീ കത്തിച്ചു കൊല്ലുവാനുള്ള തൂണുകൾ (Stakes), മഴു, വാളുകൾ, തീ എന്നിവയെല്ലാംകൊണ്ട് അനേകരെ ഭയപ്പെടുത്തി മനസ്സ് മാറ്റാം എന്നുകരുതി. രാജാവിന്റെ ഭടന്മാരും, അവരുടെ ആയുധങ്ങളും ഉണ്ടെങ്കിലും അനേകായിരങ്ങളുടെ മനസ്സ് മാറ്റി മതത്തിൽ ചേർക്കാം എന്നു കരുതിയെങ്കിലും അവരുടെ മനസ്സിനെ മാറ്റുവാൻ കഴിഞ്ഞില്ല.

ഒരിക്കൽ ഞാൻ പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ ഒരു മനുഷ്യൻ നിർത്താതെ കരഞ്ഞുകൊണ്ടിരിക്കുന്നു. അദ്ദേഹം പറഞ്ഞു "ഞാനിവിടെ ആയിരിക്കുന്നതിൽ അത്ഭുതമുണ്ട്. ഒരു വർഷം മുമ്പ് എന്നോടു പറഞ്ഞിരുന്നെങ്കിൽ വീണ്ടെടുക്കപ്പെട്ട വിഡ്ഢി എന്നു പറയുമായിരുന്നു. ഇപ്പോൾ ഞാൻ ഞായറാഴ്ചകളിൽ സന്തോഷിക്കുന്നു. പ്രാർത്ഥിക്കുന്നു. മറുപടിയായി ഞാൻ പറഞ്ഞു "ലോകത്തിൽ നമ്മെ താങ്ങുന്നതിനുള്ള കരങ്ങളാണ് കർത്താവിന്റേത്. നിങ്ങളുടെ ആവശ്യങ്ങൾ അറിയുകയും തരികയും ചെയ്യുന്നവനാണ്. അദ്ദേഹം തുടർന്നു; ഇനിയും എന്നോടു വിശ്വാസത്തെക്കുറിച്ചു പറഞ്ഞാൽ എന്റെ വീടിന്റെ വാതിലുകൾ അടച്ച് പുറത്താക്കുകയില്ല. ഇപ്പോൾ വ്യക്തമായി കാര്യങ്ങൾ മനസ്സിലാക്കുന്നു. മുമ്പ് വെറുത്തിരുന്ന ആത്മീയകാര്യങ്ങൾ ഇപ്പോൾ ഏറ്റവും അധികം സ്നേഹിക്കുന്നു. എന്റെ ജീവിതത്തിൽ വന്ന മാറ്റങ്ങളെക്കുറിച്ച് പറഞ്ഞറിയിക്കുവാൻ കഴിയുകയില്ല". പരിശുദ്ധാത്മാവിന്റെ വിലയേറിയ പ്രവർത്തനം കൊണ്ടു മാത്രമാണ് ഒരാളിന് ഇങ്ങനെ ഒരു മാറ്റം സംഭവിച്ചത്.

തിരുവെഴുത്തിൽ രക്ഷിക്കപ്പെടുന്നതിനെക്കുറിച്ച് പറഞ്ഞിരിക്കുന്നത് "പുതിയ സൃഷ്ടി ആയിത്തീരുക" എന്നാണ്. സൃഷ്ടി ദൈവത്തിനുമാത്രമുള്ളതാണ്. പഴയ സൃഷ്ടിയോടു ബന്ധപ്പെട്ടാണ് പുനരുത്ഥാനം. മരണത്തിൽ നിന്നും ജീവൻ പ്രാപിച്ചിരിക്കുന്നു.

ഒരു മനുഷ്യനിൽ ദൈവത്തിന്റെ ശക്തി വ്യാപരിക്കുമ്പോൾ മാത്രമേ അവന് രക്ഷിക്കപ്പെടുവാൻ കഴിയുകയുള്ളൂ. നാം മറ്റുള്ളവരോടു സുവിശേഷം പറയുമ്പോൾ പരിശുദ്ധാത്മാവ് പ്രവർത്തിക്കുന്നു. വിശ്വാസത്തിന്റെ ശുശ്രൂഷയിൽ സർവ്വശക്തനായ കർത്താവിന്റെ വലിയ കൃപയുണ്ട്. വിശ്വാസത്താലുള്ള ശുശ്രൂഷകളിൽ ഫലമുണ്ടാകുന്നു. എല്ലാത്തിന്റെയും അധികാരിയും ന്യായാധിപതിയുമായ ദൈവം പരിശുദ്ധാത്മാവിനെ നമുക്കു തന്നു. ഈ നഗരത്തിലുള്ള ലക്ഷക്കണക്കിനാളുകൾ യാതൊരു ഉപാധിയുമില്ലാതെ, ക്രിസ്തുവിലേക്കു വരണം. എത്ര ബലവാന്മാരെന്നു തോന്നുന്നവരും, ക്രൂശിനെതിരെ നിൽക്കുന്നവരും, പരിശുദ്ധാത്മാവ് പ്രവർത്തിക്കുമ്പോൾ മനംതിരിഞ്ഞ് കർത്താവിങ്കലേയ്ക്ക് വരും. നസ്രേത്തിലെ യേശുവിനെ പരിശുദ്ധാത്മാവ് അഭിഷേകം ചെയ്തിരുന്നു. അങ്ങനെയെങ്കിൽ കർത്താവിന്റെ ശക്തി എത്ര അധികം വേണം.

ചില കൂടിവരവുകളിൽ ചെന്നാൽ അവരുടെ മധ്യത്തിൽ പരിശുദ്ധാത്മാവിന്റെ വ്യാപാരത്താലുള്ള ശുശ്രൂഷകളാണെന്നു അനുഭവപ്പെടുകയില്ല. ശുശ്രൂഷകന്മാർ തങ്ങളുടെ ശുശ്രൂഷകൾക്കു മുമ്പ് ആത്മനിറവ് പ്രാപിച്ചിരിക്കണം. പരിശുദ്ധാത്മാവ് ശക്തീകരിക്കുന്നില്ലെങ്കിൽ മൗനമായിരിക്കട്ടെ. നമുക്ക് പ്രാർത്ഥനയ്ക്കായി, ആത്മനിറവിനായി ദൈവാലയത്തിൽ ഒരുമിച്ചു കൂടാം – കർത്താവിന്റെ മുമ്പാകെ വീഴാം. അനുഗ്രഹം നിശ്ചയമാണ്. ഭൂമിയുടെ അറ്റത്തോളം കർത്താവിനെ ഭയപ്പെടും. ശത്രുവിന്റെ മുമ്പാകെ ദൈവത്തിന്റെ കരങ്ങൾ ശക്തിയോടെ ഉണരുകതന്നെ ചെയ്യും. വല്ലഭനായ ദൈവം ശക്തിപ്പെടുത്തും. ●

**വിവർത്തനം : സ്കറിയാ വർഗ്ഗീസ്, കളമശ്ശേരി**

# ഭൂലോക സുന്ദരി എന്ന് ഭാവിച്ചിരുന്ന നീഗ്രോ റാണി ആദ്യമായി

**(സുവി. വി.പി. ജേക്കബ് തിരുവനന്തപുരത്തിന്റെ സുവിശേഷം വിശദമാക്കുന്ന കഥകളും ദൃഷ്ടാന്തങ്ങളും എന്ന ഗ്രന്ഥത്തിൽ നിന്ന്)**

ഒരിക്കൽ ഒരു നീഗ്രോ റാണി ആഫ്രിക്കയിൽ കർത്താവിന്റെ വേല ചെയ്തുകൊണ്ടിരുന്ന ഒരു മിഷനറിയുടെ ഭവനം സന്ദർശിച്ചു. വരാന്തയിൽ ഒരു വലിയ കണ്ണാടി തൂക്കിയിട്ടിരുന്നു. റാണി അടുത്ത് ചെന്ന് കൗതുകത്തോടെ അതിലൊന്ന് നോക്കി. അപ്പോൾ അവളുടെ യഥാർത്ഥമായ സ്വരൂപം എന്തെന്ന് അവൾക്ക് മനസ്സിലായി.

ഈ റാണി അതിന് മുമ്പൊരിക്കലും കണ്ണാടി കണ്ടിട്ടില്ലായിരുന്നു. താൻ വളരെ സൗന്ദര്യമുള്ളവൾ എന്ന ധാരണയാണ് അവൾ പുലർത്തിവന്നത്. എന്നാൽ കണ്ണാടിയിൽ നോക്കിയപ്പോൾ തന്റെ വിരൂപതയും അവലക്ഷണവും എമ്മാത്രമാണെന്ന് റാണിക്ക് ബോധ്യമായി. പ്രസ്തുത കണ്ടുപിടിത്തം അവളെ തികച്ചും അസ്വസ്ഥയാക്കി. കണ്ണാടി തനിക്ക് വിൽക്കണമെന്ന് റാണി മിഷനറിയോട് ആവശ്യപ്പെട്ടു. മിഷനറി ആദ്യം വിസമ്മതിച്ചെങ്കിലും റാണിയുടെ നിർബന്ധത്തിന് വഴങ്ങി നല്ല വിലയ്ക്ക് അദ്ദേഹം കണ്ണാടി വിറ്റു. നീഗ്രോ റാണി കണ്ണാടി കയ്യിൽ വാങ്ങിയ ഉടൻ തന്നെ അത് ഊക്കോടെ നിലത്തെറിഞ്ഞ് പൊട്ടിച്ച് തവിടുപൊടിയാക്കി. അങ്ങനെ റാണിയുടെ അരിശത്തിന് ഏതാണ്ടൊരു ശമനം ഉണ്ടായി. നമ്മുടെ റാണിക്ക് മിഷനറിയുടെ കണ്ണാടിയോട് ഇത്ര വൈരാഗ്യം ഉണ്ടായതിന് ഒരു കാരണം മാത്രമേ ഉള്ളൂ. കണ്ണാടി അവളുടെ ഉള്ള അവസ്ഥ കൃത്യമായി വെളിപ്പെടുത്തി. "കണ്ണാടി കാണ്മോളവും തന്നുടെ മുഖം ഏറ്റം നന്നെന്നു നിരൂപിക്കും എത്രയും വിരൂപന്മാർ" എന്ന് ഒരു മലയാള മഹാകവി പാടിയിരിക്കുന്നു. ദൈവവചനമാകുന്ന കണ്ണാടിയിൽ നോക്കുവാൻ അനേകർ ഇഷ്ടപ്പെടുന്നില്ല. അത് മനുഷ്യന്റെ ഉള്ള അവസ്ഥ ശരിയായി വെളിപ്പെടുത്തുന്നു എന്നതാണ് കാരണം. ദൈവവചനം നമ്മുടെ യഥാർത്ഥമായ സ്ഥിതി കൃത്യമായി വെളിപ്പെടുത്തത്തക്കവണ്ണം നാം ദിവസംപ്രതി വചനം പരിശോധിക്കുകയും അതിന്റെ വെളിച്ചത്തിൽ വിടേണ്ടത് വിട്ടും എടുക്കേണ്ടത് എടുത്തും ജീവിതം ക്രമപ്പെടുത്തുകയും ചെയ്തിരുന്നെങ്കിൽ നമ്മുടെ ജീവിതം എത്ര ധന്യമായേനെ. ●


Email : svdtvm2019@gmail.com

# നമ്മുടെ സംസ്കാര ശുശ്രൂഷകൾ

കെ.വി. ഐസക്, ചുവന്നമണ്ണ്

ചില വർഷങ്ങൾക്ക് മുമ്പേ ഞാൻ ഇത് സംബന്ധിച്ച് ഒരു ലേഖനം എഴുതിയിരുന്നു. ഈ അടുത്തകാലത്ത് നേരിൽ അനുഭവപ്പെട്ട ചില വിഷയങ്ങളാണ് ഇപ്പോൾ ഇതെഴുതുവാൻ എന്നെ പ്രേരിപ്പിച്ചത്.

നാം ഏറ്റവും സ്നേഹിക്കുന്നവരും കർത്താവിന്നായി വളരെ പ്രയോജനപ്പെട്ടവരും ദൈവഹിതത്താൽ കർത്തൃസന്നിധിയിൽ ചേർക്കപ്പെടുമ്പോൾ നാം അതിദുഃഖിതരാണെങ്കിലും കർത്താവിന്റെ ഇഷ്ടം അതായിരുന്നുവെന്ന് നാം ആശ്വസിക്കുന്നു. അതിനു പ്രധാന കാരണം ആ വ്യക്തി ചെയ്ത ശുശ്രൂഷകൾ കുടുംബത്തിനും സഹോദരവർഗ്ഗത്തിനും വളരെ പ്രയോജനമായിരുന്നുവെന്നതാണ്.

എന്നാൽ ഇതെല്ലം പ്രസ്താവ്യയോഗ്യമാണെങ്കിലും വിശുദ്ധന്മാർ കൂടിവരുന്ന ഇടങ്ങളിൽ മരണമാകട്ടെ വിവാഹമാകട്ടെ ഇവ രണ്ടും വിശ്വാസികൾ മാത്രം കൂടി വരുന്ന സ്ഥലങ്ങൾ അല്ലാത്തതുകൊണ്ട് ഒന്നാമതായി; നമ്മുടെ പ്രത്യാശ വിഷയമാണ് പ്രസ്താവിക്കേണ്ടത്. രണ്ടാമതായി; നാം അനുഭവിക്കുന്ന പ്രത്യാശയിലേക്ക് കേൾവിക്കാരെ ആഹ്വാനം ചെയ്യുകയും വേണം.

നമ്മുടെ പ്രത്യാശവിഷയമായ ക്രിസ്തു അവന്റെ മണവാട്ടിസഭക്ക് തന്നിട്ടുള്ള വാഗ്ദത്തങ്ങളെപ്പറ്റി കേൾക്കുമ്പോൾ പുത്രൻ മുഖാന്തരം ദൈവത്തിനു മഹത്വം അർപ്പിക്കപ്പെടുന്നു. രണ്ടാമതായി, സുവിശേഷം പ്രസ്താവിക്കുന്നതുമൂലം ദൈവീക ഉദ്ദേശം നിറവേറ്റപ്പെടുകയും ഒടുവിലത്തെ പാപിയും അന്ന് രക്ഷിക്കപ്പെട്ടു കഴിഞ്ഞാൽ കർത്താവ് ഉടൻ തന്നെ വരികയും ചെയ്യും. എന്നാൽ മരണപ്പെട്ട വ്യക്തിയുടെ ഗുണഗണങ്ങൾ പ്രസ്താവിക്കുമ്പോൾ ദൈവത്തിനു കൊടുക്കേണ്ട മഹത്വം നാം എടുക്കുകയാണ് ചെയ്യുന്നത്.

മരിച്ച വ്യക്തിയെക്കുറിച്ചുള്ള ഓർമ്മകൾ തികട്ടിവരുന്നതാണ് അനുസ്മരണം. ഇക്കാലത്തു മിക്കവാറും ഒരു ചെറുബുള്ളറ്റിനും ഇറക്കാറുണ്ടല്ലോ. കൂടാതെ ഭവനത്തിൽ നിന്നും സഭയിൽ നിന്നും ദേശത്തിൽ നിന്നും ഓരോരുത്തർ അനുസ്മരണം പറയട്ടെ. ഈ ഓർമ്മകളുടെ സാക്ഷ്യമാണ് ഇവിടെ കേൾക്കേണ്ടത്. രണ്ട് തരത്തിലുള്ള വചനശുശ്രൂഷ നല്ലതാണ്. ഒന്ന്; ഭവനത്തിന്റെ ആശ്വാസത്തിനും മറ്റൊന്ന്; സമൂഹത്തിനും. സമൂഹം എന്ന കൂട്ടർ നമ്മുടെ സുവിശേഷയോഗങ്ങൾക്ക് ക്ഷണിച്ചാലും വരാത്തവരാണ്. ഇത് മരണവീടായതുകൊണ്ട് മാത്രമാണ് ഇക്കൂട്ടർ വന്നിരിക്കുന്നത്. അവരോട് സുവിശേഷം പറയാൻ ഇതുപോലൊരു സന്ദർഭം ഇനി ലഭിച്ചെന്നു വരികില്ല,

അടുത്തത് നന്ദി പ്രകടനമാണ്. അത് വചനശുശ്രൂഷക്ക് മുമ്പേ ആക്കുന്നതാണ് ഉത്തമം. കാരണം, നന്ദി പ്രകാശിപ്പിക്കുന്നയാളുടെ വികാരപ്രകടനത്താൽ പ്രസംഗം കേട്ട് ഹൃദയങ്ങളിലേക്ക് ആഴ്ന്നിറങ്ങിയ ദൈവവചനം സാത്താൻ പെറുക്കിക്കളയാൻ സാദ്ധ്യതയുണ്ട്.

ആവശ്യമില്ലാത്ത പരിപാടികൾ ഒഴിവാക്കി സംസ്കാരശുശ്രൂഷ ഒരു മണിക്കൂറിൽ തീർക്കാം. സഭാമൂപ്പന്മാർക്ക് പ്രത്യേക പദവി നൽകണം. അപ്രകാരം സഭകളിൽ ശുശ്രൂഷിക്കുന്ന സുവിശേകന്മാർക്കും.

മരിച്ച വ്യക്തിയുടെ പ്രതിഫലത്തിന്റെ കണക്ക് കർത്താവിനെ ഏൽപിക്കേണ്ട ജോലി നാം ഏറ്റെടുക്കരുത്. ഇവിടെ ഓർക്കേണ്ടത് ക്രിസ്തുവിലായ സകലവിശുദ്ധന്മാർക്കും പ്രതിഫലം നല്കാൻ സഭ എടുക്കപ്പെട്ടശേഷം ഏഴ് വർഷങ്ങളാണുള്ളത്. അതായത്, രണ്ടായിരത്തി അഞ്ഞൂറ്റി അൻപത്തഞ്ച് രാപ്പകൽ അല്ലെങ്കിൽ അറുപത്തി ഒന്ന് ലക്ഷത്തിലൊരായിരത്തിമുന്നൂറ്റിഇരുപത്തൊന്ന് മണിക്കൂറുകൾ; നാം പറയുന്ന പ്രമാണങ്ങൾ പ്രകാരം. ഈ പറയുന്ന സമയമാണ് ഇതുവരെയുള്ള ക്രിസ്തുവിശ്വാസികൾക്ക് പ്രതിഫലം കൊടുക്കാൻ ദൈവം വച്ചിരിക്കുന്നത്.

നാം ഇന്ന് കണക്ക് കൂട്ടുന്ന കണക്കനുസരിച്ച് എണ്ണമില്ലാത്ത വിശുദ്ധന്മാർ ഉണ്ട്. അങ്ങനെയാണെങ്കിൽ നാം ഇന്ന് ചെയ്യുന്ന പ്രവർത്തികൾ അല്ലെങ്കിൽ ഒരു വ്യക്തിയുടെ പ്രവർത്തികളൊക്കെ നാം വാഴ്ത്തിയാൽ കർത്താവിന് കണക്ക് കൊടുക്കയൊായിരിക്കും.

നാം ഒരു മരണവീട്ടിൽ, കടന്നുപോയ വ്യക്തികളെ പുകഴ്ത്തുന്നത് തട്ടിച്ചു നോക്കിയാൽ അസംഖ്യം വിശുദ്ധന്മാർക്ക് ലഭിക്കുന്ന കിരീടധാരണവും മേൽപ്പറഞ്ഞ കാര്യങ്ങളും യഥാർത്ഥമായി ദൈവത്തിനു മാത്രമേ പരിശോധിക്കാൻ അറികയുള്ളൂ, സാധിക്കുകയുള്ളു..


ഇനി നാം സഭായോഗങ്ങളിൽ കർത്താവിനെ ആരാധിക്കാൻ ചെലവാക്കുന്ന സമയം, വചനശുശ്രൂഷ ഉൾപ്പടെ രണ്ടോ രണ്ടരയോ മണിക്കൂർ മാത്രം. അതിൽ ചുരുക്കം ചില സഹോദരന്മാർക്ക് മാത്രമാണ് സംസാരിക്കാൻ സമയം ലഭിക്കുക. അതേസമയം നാം കർത്താവിനെ ആരാധിക്കാൻ ചെലവഴിക്കുന്ന സമയത്തേക്കാൾ എത്രയോ അധികമാണ് ഒരു ഭക്തന്റെ മരണശുശ്രൂഷയിൽ ചെലവഴിക്കുന്നത്. മറ്റ് സമുദായസ്ഥർ പത്തോ ഇരുപതോ മിനുട്ട് കൊണ്ട് ഭവനത്തിലെ ശുശ്രൂഷ അവസാനിപ്പിക്കും. അത് ആരായിരുന്നാലും, അതിൽ വലിപ്പച്ചെറുപ്പമില്ല. ആ സമയത്ത് ഒരു രാഷ്ട്രീയക്കാരും അവിടെ വരികയില്ല. വന്നാലും അവർക്ക് സമയം കൊടുക്കയുമില്ല. ഇതെല്ലാം നാം കണക്കിലെടുക്കേണ്ടതാണ്.

ദൈവവചനശുശ്രൂഷ കഴിഞ്ഞാൽ ഭൗതീകശരീരം സെമിത്തേരിയിലേക്കെടുക്കുന്നതാണ് നല്ലത്. കേട്ട ദൈവവചനം ഹൃദയങ്ങളിൽ പ്രവർത്തിക്കയും ചില പാപികൾ രക്ഷിക്കപ്പെടുകയും ദുഖിതർ ആശ്വാസം കണ്ടെത്തുകയും വേണമെന്നതാണല്ലോ ശുശ്രൂഷയുടെ പ്രധാനലക്ഷ്യം. ഇങ്ങനെ ശുശ്രൂഷ നടക്കുമ്പോൾ പൊതുജനം സുവിശേഷം കേൾക്കും, ദൈവനാമം മഹത്വപ്പെടും.

ഇനി അനുസ്മരണയോഗങ്ങൾ അത്യാവശ്യമെങ്കിൽ, ഭവനത്തിന്റെ ആശ്വാസത്തിനായി സഭാനേതൃത്വം തീരുമാനിക്കുന്നതിനനുസരിച്ച് പിന്നീട് നടക്കട്ട്.

പക്ഷെ ഇന്ന് വർദ്ധിച്ചുവരുന്ന അനുസ്മരണവും വചനശുശ്രൂഷയുടെ കുറവും വ്യക്തികളെ പുകഴ്ത്തുന്ന ശുശ്രൂഷകളുമല്ലേ നടക്കുന്നത്? ചിന്തിക്കുക; നമ്മുടെ ശുശ്രൂഷകൾ ആത്മികമോ? നമ്മൾക്കിതിനൊരു മാറ്റം അനിവാര്യമല്ലേ? ഈ ചിന്തകൾ നമ്മുടെ സമൂഹത്തിൽ ഒരു പരിവർത്തനം വരുത്തിയിരുന്നെങ്കിൽ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കയാണ്.

# മഹത്വത്തിൽ



**നാരങ്ങാനം, പത്തനംതിട്ട** : സഹോദരൻ **റ്റി. എം. മാത്യു (94)** ജൂലൈ 9 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ജൂലൈ 12 ന് ഭവനത്തിൽ നടന്ന ഇലന്തൂർ പരിയാരം ബ്രദറൺ സഭയുടെ ശുശ്രൂഷകൾക്കു ശേഷം സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**പാണ്ടനാട്, കല്ലിശ്ശേരി** : സഹോദരൻ **റ്റി.പി. ജോയി (88)** ജൂലൈ 9 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ജൂലൈ 15 ന് ഭവനത്തിൽ നടന്ന പാണ്ടനാട് നോർത്ത് ബ്രദറൺ സഭയുടെ ശുശ്രൂഷകൾക്ക് ശേഷം സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**വേങ്ങക്കുന്ന്, മുണ്ടക്കയം** : മുണ്ടക്കയം ക്രിസ്ത്യൻ ബ്രദറൺ ചർച്ച് സഭാംഗം സഹോദരി **അമ്മിണി വർഗീസ് (87)** നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ജൂലൈ 14 ന് ശുശ്രൂഷകൾക്ക് ശേഷം വണ്ടൻപാതലുള്ള സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**വട്ടപ്പാറ, തിരുവനന്തപുരം** : സഹോദരൻ **മനോജ്കുമാർ ആർ. (48)** ജൂലൈ 14 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം അന്നു തന്നെഭവനത്തിൽ നടന്ന വട്ടപ്പാറ സഭയുടെ ശുശ്രൂഷകൾക്ക് ശേഷം സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**പുല്ലാട്, പത്തനംതിട്ട** : സഹോദരൻ **റ്റി. ജെ. നൈനാൻ (76)** നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ജൂലൈ 20 ന് പുല്ലാട് ബെഥേൽ ബ്രദറൺ സഭയുടെ ശുശ്രൂഷകൾക്ക് ശേഷം സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.




**കുട്ടനെല്ലൂർ, തൃശൂർ** : സഹോദരൻ റ്റി. ജോൺസന്റെ സഹധർമ്മിണി **മേരി ജോൺസൺ (69)** ജൂലൈ 17 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ജൂലൈ 18 ന് ഭവനത്തിലെ ശുശ്രൂഷകൾക്കുശേഷം പറവട്ടാനിയിലുള്ള ക്രിസ്ത്യൻ ബ്രദറൺ ചർച്ച് സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**മലമ്പുഴ, പാലക്കാട്** : സുവി. **ജോൺ വർഗീസ് (74)** ജൂലൈ 18 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ജൂലൈ 20 ന് മലമ്പുഴ ബ്രദറൺ അസംബ്ലിയുടെ ശുശ്രൂഷകൾക്ക് ശേഷം ശാസ്താനഗറിലുള്ളമലമ്പുഴ ബ്രദറൺസഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**ചെമ്പങ്ങാനം, കാസർകോട്** : സഹോദരൻ **പി.സി. ചെറിയാൻ (58)** ജൂലൈ 21 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ജൂലൈ 24 ന് ഭവനത്തിലെ ശുശ്രൂഷകൾക്കുശേഷം സഭാസെമിത്തേരിയിൽ സംസ്കരിച്ചു. സുവിശേഷകൻ കെ.വി. ജോൺ നീലേശ്വരം തന്റെ ഭാര്യാപിതാവാണ്. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**കൊടുങ്ങല്ലൂർ** : കൊടുങ്ങല്ലൂർ എബനേസർ ബ്രദറൺ സഭാമൂപ്പന്മാരിൽ ഒരാളായിരുന്ന സഹോദരൻ **വി.സി. ഫിലിപ് (71)** ജൂലൈ 21 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ജൂലൈ 24 ന് ഭവനത്തിൽ നടന്ന ശുശ്രൂഷകൾക്ക് ശേഷം സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**ക്രാരിയേലി, പെരുമ്പാവൂർ** : നിത്യതയിലായിരിക്കുന്ന സഹോദരൻ റ്റി.റ്റി. ഏബ്രഹാമിന്റെ സഹധർമ്മിണി **ഏലിക്കുട്ടി എബ്രഹാം (73)** ജൂലൈ 21 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ജൂലൈ 24 ന് ഭവനത്തിലെ ശുശ്രൂഷകൾക്ക് ശേഷം ക്രാരിയേലി ബ്രദറൺ സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**കാക്കൂർ, കൂത്താട്ടുകുളം** : സഹോദരൻ **പി.എം. ജോർജുകുട്ടി (77)** ജൂലൈ 25 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ജൂലൈ 27 ന് ഭവനത്തിലെ ശുശ്രൂഷകൾക്ക് ശേഷം കാക്കൂർ ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**കട്ടംകോഡ്, പാലക്കാട്** : കോട്ടേക്കുളം സഭാംഗം സഹോ. **കുഞ്ഞുകുഞ്ഞ് (88)** നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ജൂലൈ 29 ന് ഭവനത്തിലെ ശുശ്രൂഷകൾക്ക് ശേഷം തട്ടംകുളമ്പ് സെമിത്തേരിയിൽ സംസ്കരിച്ചു. സുവിശേഷകന്മാരായ സാമുവേൽ പി. ഏബ്രഹാം, കോട്ടേക്കുളം, കോളിൻസ് മാത്യു-പടപ്പ്, കാസർകോട് എന്നിവർ തന്റെ മരുമക്കളാണ്. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.

1-ാം പേജ് തുടർച്ച

# ആഴത്തിലേക്ക്

**3. പ്രാർത്ഥനയുടെ ശക്തി–ആഴം (1 ശമു. 1:10 – 20)**

ഹന്നയുടെ പ്രാർത്ഥനയുടെ ആഴമേറിയ അനുഭവം ഇവിടെ വളരെ വ്യക്തമാക്കപ്പെടുന്നു. തനിക്ക് ഒരു മകൻ ഇല്ലാത്തതിന്റെ ദുഃഖം കഴിഞ്ഞ ചില നാളുകളായി അനുഭവിച്ചു വരികയാണ്. തന്റെ പ്രതിയോഗിയായ പെനിന്നാ എന്തു മാത്രം അവളെ ദുഃഖിപ്പിക്കാനാകുമോ, ആ നിലയിൽ വാക്കുകളാലും പ്രവൃത്തികളായി അവളെ വിഷമിപ്പിക്കുകയാണ്. ആ നിലയിൽ വളരെ പ്രയാസപ്പെട്ടിരിക്കുമ്പോൾ ദേവാലയത്തിൽ ആരാധിക്കുവാൻ പോയ സമയത്ത് ആരുമറിയാതെ, ഏകയായി ദൈവസന്നിധിയിൽ തന്റെ സങ്കടം അതിഭാരത്തോടും, ഹൃദയവ്യഥയോടും കൂടി ദൈവത്തോട് തന്റെ സങ്കടം ബോധിപ്പിച്ചു വളരെ കണ്ണുനീരൊഴുക്കി. ഒരു മകനുവേണ്ടി ഹൃദയം തകർന്ന് പ്രാർത്ഥിച്ചു. ഈ വലിയ പ്രാർത്ഥന ദൈവം കേട്ടു. അടുത്തവർഷം അവൾ ഒരു മകനെ പ്രസവിച്ചു. ഒരു മകനെ തന്നാൽ അവനെ ദൈവീകശുശ്രൂഷക്ക് ദൈവാലയത്തിൽ താമസിച്ച് ദൈവത്തിന്റെ വേല ചെയ്യുവാൻ സമർപ്പിക്കുമെന്ന് പറഞ്ഞിരുന്നു. പറഞ്ഞതുപോലെ അവനെ ദൈവാലയത്തിലെ ഏലി പുരോഹിതന്റെ അടുക്കൽ കൊണ്ടുപോയി സമർപ്പിച്ചു. ഏകമകനെ തന്റെ കൂടെ വീട്ടിൽ താമസിപ്പിക്കുവാൻ മനസുവെക്കാതെ ദൈവത്തിനുവേണ്ടി കൊടുത്ത ആ സ്ത്രീയുടെ തീരുമാനം എത്ര ശ്രേഷ്ഠമേറിയതായിരുന്നു. അവളുടെ പ്രാർത്ഥന കേട്ട ദൈവം അവളുടെ വലിയ തീരുമാനത്തേയും ദൈവം ആദരിച്ചു. അവൾക്ക് അഞ്ചുമക്കളെക്കൂടി ദൈവം കൊടുത്തു. നമ്മുടെ ദൈവം എത്ര വലിയവൻ! പ്രാർത്ഥന കേൾക്കുന്നവൻ സമൃദ്ധിയായി അനുഗ്രഹിക്കുന്നവൻ. ആ ദൈവത്തിൽ വിശ്വസിപ്പിൻ. പ്രാർത്ഥനയുടെ ആഴങ്ങളിലേക്കിറങ്ങി അനുഗ്രഹം പ്രാപിപ്പിൻ. കണ്ണീരോടെ പ്രാർത്ഥിപ്പിൻ. അനുഗ്രഹം അനുഭവമാക്കുവിൻ. പ്രാർത്ഥന കേൾക്കുന്ന ദൈവം ജീവിക്കുന്നു. സ്തോത്രം.

**4. ദൈവത്തിന്റെ വാഗ്ദത്തങ്ങളിലും, വിശ്വാസത്തിലുമുള്ള ആഴം (ഉല്പ. 18:9 – 14, റോമ. 4:18 – 21)**

ദൈവം വിളിച്ചു വേർതിരിച്ച അബ്രഹാമിന് അനേക വാഗ്ദത്തങ്ങൾ നൽകിയിട്ടുണ്ട്. ചില വാഗ്ദത്തങ്ങൾ നിറവേറുവാൻ മാനുഷികരീതിയിൽ സമയം വൈകിയിട്ടുണ്ട്. എങ്കിലും "ദൈവം വിശ്വസ്തൻ" എന്ന് അബ്രഹാം വിശ്വസിച്ചു. വിശ്വാസത്താൽ ക്ഷീണിക്കാതെ ഉറച്ചുനിന്നു. അതിൽ ഒരു പ്രധാനപ്പെട്ട കാര്യമാണ് നാം ഇവിടെ ചിന്തിക്കുന്നത്. അബ്രഹാമിന് ഉണ്ടാകുവാൻ പോകുന്ന സന്തതിയെക്കുറിച്ച് നേരത്തെ പറഞ്ഞിരുന്നു. എന്നാൽ അബ്രഹാമിന് 100 വയസ് ആകാൻ പോകുന്നു (സാറക്ക് 90). ഒരു സന്തതിപോലും ഉണ്ടായിട്ടില്ല. ഒരു ദിവസം ദൈവത്തിന്റെ പ്രത്യക്ഷത ഉണ്ടായി. അടുത്തവർഷം നിനക്ക് ഒരു മകൻ ഉണ്ടാകുമെന്നും, സാറ പ്രസവിക്കുമെന്നും പറഞ്ഞു. സാറാ ഇതുകേട്ട് ചിരിച്ചു എന്നാണ് കാണുന്നത്. അബ്രഹാമോ ദൈവത്തിൽ വിശ്വസിച്ചു. ദൈവം എന്തു പറഞ്ഞാലും അത് പൂർണ്ണമായി വിശ്വസിപ്പാൻ അബ്രഹാമിന് സാധിച്ചിട്ടുണ്ട്. ദൈവം സാറയോടു ചോദിക്കുന്ന ഒരു ചോദ്യം വളരെ പ്രസക്തമാണ്. "യഹോവയാൽ കഴിയാത്ത കാര്യം ഉണ്ടോ" അബ്രഹാം ദൈവത്തിന്റെ വാഗ്ദത്തങ്ങളെ (വചനത്തെ) പൂർണ്ണമായി വിശ്വസിച്ചു; വിശ്വാസത്തിന്റെ ആഴങ്ങളിലേക്ക് (ദൈവവചനത്തിന്റെ ആഴങ്ങളിലേക്ക്) ഇറങ്ങിച്ചെന്ന് വിശ്വാസത്തിൽ ഉറക്കുവാൻ – അങ്ങനെ സംഭവിക്കുമെന്ന് വിശ്വസിപ്പാൻ അബ്രഹാമിന് കഴിഞ്ഞു. ഓ! വാഗ്ദത്തം തക്കസമയത്ത് നിറവേറി. വൃദ്ധദമ്പതികൾക്ക് ഒരു മകനുണ്ടായി. അത്ഭുതം! വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണും. അബ്രഹാം വാഗ്ദത്തം കണ്ടു സന്തോഷിച്ചു. ദൈവത്തെ സ്തുതിച്ചു, മഹത്വപ്പെടുത്തി. ആഴങ്ങളിലേക്കിറങ്ങി അനുഗ്രഹങ്ങൾ നേടിയെടുത്തു. നമുക്കും സാധിച്ചിരുന്നെങ്കിൽ.

പ്രിയരേ! നമുക്കും ക്രിസ്തീയജീവിതത്തിന്റെ ചില ആഴങ്ങളിലേക്ക് ഇറങ്ങാം. വിശ്വാസത്തിന്റേയും, അനുസരണത്തിന്റേയും, കർത്താവിലുള്ള ആഴമേറിയ വിശ്വാസത്തിന്റേയും, പ്രാർത്ഥനയുടെ ആഴങ്ങളിലേക്കും കർത്താവിന്റെ വാഗ്ദത്തിലുള്ള ആഴങ്ങളിലേക്കും നമുക്ക് ഇറങ്ങിപ്പോകാം. അനേക അനുഗ്രഹങ്ങൾ– നന്മകൾ–അനുഭവമാക്കാം. വിശ്വാസത്തിൽ സമ്പന്നരാകാം. "ഭാവിയെ ഓർത്ത് പുഞ്ചിരിതൂകാം! ദൈവനാമം ഇന്നുമെന്നേക്കും വാഴ്ത്തപ്പെടുമാറാകട്ടെ – ആമേൻ, ഹല്ലേലുയ്യ. ●

## ചിന്ത TVS

## മാനുഷികമായ എല്ലാ കഴിവുകളിൽ നിന്ന് പിടിവിടുക ദൈവീക കരങ്ങളിൽ നിങ്ങളെ സമർപ്പിക്കുക

ഏത് മനുഷ്യനും മറ്റൊരാളുടെ സഹായം ഇല്ലാതെ ഈ ലോകത്തിൽ ജീവിക്കാൻ സാധ്യമല്ല. സമൂഹജീവിയാണ് മനുഷ്യൻ. ആകയാൽ മറ്റുള്ളവരുടെ സഹായകരങ്ങൾ അവന് പല രീതിയിലും ആവശ്യമായി വരും. ചിലർ അവരുടെ ആവശ്യങ്ങളുടെ മുൾമുനയിൽ നില്ക്കുമ്പോൾ സഹായിപ്പാൻ കഴിയാത്ത മനുഷ്യരിലേക്ക് തിരിയാറുണ്ട്. എന്നാൽ ദൈവത്തോട് അടുക്കുവാനും ഏത് മനുഷ്യനേയും സഹായിപ്പാൻ തയ്യാറായി നിൽക്കുന്ന സ്നേഹവാനായ ദൈവത്തിങ്കലേക്ക് അവന്റെ കരങ്ങൾ നീട്ടുവാനും അവൻ മറുന്നുപോകുന്നു.

വിദ്യാസമ്പന്നനായ ഒരു സന്യാസി ഭിക്ഷാടനത്തിനായി ഇറങ്ങിത്തിരിച്ചു. അദ്ദേഹം ആത്മീകമായി സമ്പന്നനാണുതാനും. മുഷിഞ്ഞ വസ്ത്രം വിനീത ഭാവം അദ്ദേഹത്തിന്റെ കൈമുതലായിരുന്നു. മറ്റൊരാൾ അദ്ദേഹവുമായി സംസാരിച്ചപ്പോൾ ആ ശരീരത്തിനുള്ളിൽ ആദ്ധ്യാത്മിതയുടെ പരിവേഷമണിഞ്ഞ ഒരു ദിവ്യപുരുഷൻ മറഞ്ഞിരിപ്പുണ്ടെന്ന് മനസ്സിലായി. ഭിക്ഷയെടുത്ത് ആണ് അദ്ദേഹം യാത്ര ചെയ്യുന്നത്. അദ്ദേഹത്തിന് അപ്പോൾ വേണ്ടത് ഒരു രൂപ മാത്രമാണ്. ആ പണം അദ്ദേഹത്തിന് നൽകി എന്നാൽ മാത്രമെ താൻ ഉദ്ദേശിച്ച സ്ഥലത്ത് എത്തുവാൻ കഴിയുകയുള്ളു. അവിടെ ചെന്നാൽ ആരെങ്കിലും തനിക്ക് ഭക്ഷണം നൽകും എന്നുള്ള പ്രതീക്ഷയാണ് തനിക്ക് ഉള്ളത്. ഓരോ ദിവസത്തിനും ആവശ്യമുള്ളത് മാത്രമെ അദ്ദേഹം ചോദിക്കയുള്ളു. കാരണം കയ്യിലൊന്നും ഇല്ലെങ്കിൽ എവിടെയും ഭയംകൂടാതെ കിടന്ന് ഉറങ്ങാം എന്നാണ് തന്റെ തത്വം. ഇന്ന് പലരും അനേക ലൗകീക കാര്യങ്ങളിൽ പിടിമുറുക്കിയതിനാൽ സമാധാനത്തിൽ രാത്രി ഉറങ്ങാൻ കഴിയുന്നില്ല. ഉറങ്ങാൻ മരുന്ന് കഴിക്കുന്ന ഗതികേടാണ് അങ്ങനെയുള്ളവർക്ക് ഉണ്ടാകുന്നത്.

ഒരിക്കൽ വേറെയൊരു സന്യാസിക്ക് കാൽനടയായി ഒരു കാട്ടിൽ കൂടെ സഞ്ചരിക്കേണ്ടിവന്നു. പകൽ എരിഞ്ഞടങ്ങാൻ പോകയാണ്. സൂര്യൻ ചക്രവാളത്തിൽ പകലിലെ തന്റെ ജോലി തീർത്ത് മറയുവാൻ തുടങ്ങുന്നു. രാത്രി 8 മണിക്കു മുന്നെ അടുത്ത ഗ്രാമത്തിൽ എത്താം എന്ന് കരുതി. വന്യമൃഗങ്ങളും, കൊള്ളക്കാരും വിഹരിക്കുന്ന കൊടുംവനം. തികച്ചും വിജനമായ ഒരു പാത. സന്യാസി നടന്ന് ക്ഷീണിച്ചു. നല്ല നിലാവുള്ള രാത്രി. കരുതിയ ഗ്രാമത്തിൽ ഇനിയും എത്തിയിട്ടില്ല. വല്ലാത്ത വിശപ്പുണ്ട്. ഇനി ഒരു അടി മുന്നോട്ട് നീങ്ങാൻ സാധിക്കുന്നില്ല. പാതവക്കിൽ ഒരു പാറ കണ്ടു. അതിനുമുകളിൽ നിരപ്പുള്ള ഒരു ഭാഗം ഉണ്ട്. അവിടെ കിടന്ന് തൽക്കാലം ഉറങ്ങാം. നേരം വെളുത്ത് യാത്ര തുടരാം എന്ന് കരുതി. പ്രപഞ്ച കർത്താവിന്റെ മഹത്വത്തെ പ്രകീർത്തിക്കുന്ന നക്ഷത്രനിബിഡമായ നീലാകാശത്തെ നോക്കി താൻ നീണ്ടു നിവർന്നുകിടന്നു. അല്പം കഴിഞ്ഞപ്പോൾ ഭീകരമായ ഒരു ഗർജ്ജനം കേട്ടു. അദ്ദേഹം നോക്കിയപ്പോൾ ഒരു കടുവ ഒരു മൃഗത്തെ കടിച്ചു കീറി ഭക്ഷിക്കുകയാണ്. കുറച്ചുകഴിഞ്ഞപ്പോൾ മറുവശത്തുള്ള ഈറം കാട്ടിൽ ഒരു ആന ഈറ്റ ഒടിച്ചു തിന്നുകയാണ്. കാലകിങ്കരന്മാർ ഇടത്തും വലത്തും വാളും പിടിച്ച് ഓങ്ങി നിൽക്കുന്നതുപോലെ തോന്നി. താനും ക്രൂരമൃഗങ്ങളുടെ അത്താഴമായി തീരുമോ എന്ന് തോന്നി. സന്യാസിയുടെ സപ്തനാഡികളും തളർന്നു. രക്ഷപ്പെടാൻ യാതൊരു മാർഗ്ഗവും ഇല്ല. ഒടുവിൽ മാനുഷികമായ എല്ലാ കഴിവുകളിൽ നിന്നും തന്റെ പിടിവിട്ടു. ഈശ്വരന്റെ കരങ്ങളിൽ സ്വയം സമർപ്പിച്ചു. അല്പം കഴിഞ്ഞപ്പോൾ കടുവയും കാട്ടാനയും അതതിന്റെ വഴിക്കുപോയി. സന്യാസിയുടെ ശ്വാസം സാധാരണനിലയിലായി.

ഈ സന്യാസിയുടെ ജീവിതം നമ്മെ ഒരു പാഠം പഠിപ്പിക്കുന്നില്ലേ? ആപത്തുകൾ പ്രതികൂലങ്ങൾ നമ്മെ വലയം ചെയ്യുമ്പോൾ സ്വയം രക്ഷപ്പെടാൻ നമ്മുടെ കായികശക്തിയിലും നമ്മുടെ ബുദ്ധിശക്തിയിലും ആശ്രയിക്കാറുണ്ട്. എന്നാൽ അങ്ങനെയുള്ള ആശ്രയം കൊണ്ട് കാര്യങ്ങൾ നടക്കാതെ വരുമ്പോൾ അവസാനം ദൈവത്തിന്റെ കരങ്ങളിലേക്ക് നമ്മുടെ കരങ്ങൾ ചേർത്തുവച്ച് സഹായത്തിന്നായി അഭ്യർത്ഥിക്കാറുമുണ്ട്. പടകിൽ കർത്താവിനൊപ്പം യാത്ര ചെയ്യുമ്പോൾ പടക് മുങ്ങാതിരിപ്പാൻ തിരമാലകളിൽ നിന്ന് രക്ഷപ്പെടുത്തുവാൻ ആവോളം ശിഷ്യന്മാർ ശ്രമിച്ചു. സാധിക്കാതെ വന്നപ്പോൾ ഒടുവിൽ കർത്താവിന്റെ അടുക്കൽ വന്ന് കർത്താവിനെ ഉണർത്തിയ രംഗം നമുക്ക് അറിയാം. അങ്ങനെ സഹായത്തിന്നായി മറ്റുള്ളവയെ വിട്ട് ദൈവത്തിൽ ആശ്രയിക്കുന്ന ഒരുത്തനേയും ദൈവം കൈവിടുകയില്ല. മറ്റ് യാതൊന്നും നമ്മെ സഹായിക്കയില്ല. ആകയാൽ സഹായിപ്പാൻ കഴിയാത്ത മനുഷ്യപുത്രന്മാരിൽ ആശ്രയിക്കാതെ ദൈവത്തിൽ പൂർണ്ണമായ ആശ്രയം വെയ്ക്കാം. ഭൗമീകമായ ആശ്രയത്തിന്മേൽ നിന്ന് പിടിവിട്ട് സർവ്വശക്തനായ ദൈവത്തിൽ പിടിമുറുക്കാം. അതായിരിക്കട്ടെ നമ്മുടെ തീരുമാനം. ദൈവം സഹായിക്കട്ടെ. ●


SUVISESHADHWANI

Fortnightly
Vol. 41 Issue 49
Single Copy Rs. 10/-
Annual Subscription
India Rs. 200/-
Envelope Postage Rs. 3000/-
Please send news and articles to
Chief Editor:
**Sam Zacharia**
H. No. 56/ NV Nagar,
Peroorkada P.O.
Thiruvananthapuram - 695 005.
Tel. +91 9446684828
email: svdtvm2019@gmail.com
*Send your money orders to:*
Managing Editor:
**Joykumar V.K.**
Sharon, Pirayummoodu,
Neyyattinkara P.O.
Thiruvananthapuram - 695 121
Tel. +91 9446022942
Associate Editor :
**Samuel Thomas,** Cheppad
Tel. +91 9495162788
Sub Editors:
**John Joseph** (South Division)
Tel. +91 9496465298
**A.D. James** (North division)
Tel. +91 9446814115
**John Mathews P.** (Malabar Division)
Tel. +91 9605962095
**K.V. Jose** (High Range Division)
Tel. +91 8606083652
Circulation Manager :
**Spurjan K.J.** Balaramapuram
Tel. +91 9495131875



**REGISTERED**
Reg. No. RN 29475/1978
Postal Reg. No. KL/TV(S)/396/2022-24
Licence No: KL/TV(S)/WPP/251/2022-24
Licensed to Post without prepayment
Date of Publishing: 05-08-2023
If undelivered please return to:
Managing Editor
Suviseshadwani
Sharon, Pirayummoodu,
Neyyattinkara P.O.
Thiruvananthapuram - 695121.




Printed & Published by Sam Zacharia on behalf of General Y.M.E.F & Printed at : Color Scan, Trivandrum & Published at H. No. 56/ NV Nagar, Peroorkada P.O. Thiruvananthapuram - 695 005. Editor: Sam Zacharia. Design:printechoffset,Trivandrum